**സബ്മിഷൻ**

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട അംഗങ്ങൾ സബ്മിഷൻ അവതരിപ്പിക്കുമ്പോൾ പരമാവധി രണ്ട് മിനിറ്റിനകത്ത് നിർത്താൻ ശ്രമിക്കണം. ബഹുമാനപ്പെട്ട മന്ത്രിമാർ മറുപടി പറയുമ്പോഴും അക്കാര്യം പ്രത്യേകം ശ്രദ്ധിക്കണം.

1. കൊമേർഷ്യൽ കോംപ്ലക്സ് & വെജിറ്റബിൾ സൂപ്പർ മാർക്കറ്റ്

ശ്രീമതി കെ. കെ. രമ: സർ, വടകര നഗരസഭയിലെ നാരായണ നഗറിൽ സർവേ നമ്പർ 254/10-ൽപ്പെട്ട ഭൂമിയിൽ കൊമേർഷ്യൽ കോംപ്ലക്സ് & വെജിറ്റബിൾ സൂപ്പർ മാർക്കറ്റ് നിർമ്മിക്കുന്നതിനുവേണ്ടി വടകര നഗരസഭ ഹോളിഡേ സിറ്റി സെന്റർ പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയുമായി 2006-ൽ ബി.ഒ.ടി. വ്യവസ്ഥയിൽ ഒരു കരാർ ഒപ്പിട്ടിരുന്നു. പതിനെട്ട് മാസംകൊണ്ട് പണി പൂർത്തീകരിച്ച് ഇരുപത്തിയഞ്ച് വർഷം പ്രവർത്തിപ്പിച്ച ശേഷം ഭൂമിയും കെട്ടിടവും നഗരസഭയ്ക്ക് കൈമാറണമെന്നായിരുന്നു കരാർ വ്യവസ്ഥ. കരാർ ഒപ്പിട്ട് പതിനഞ്ച് വർഷമായിട്ടും ഈ കെട്ടിടം പ്രവർത്തനമാരംഭിക്കാതെ വടകരയിലെ പൗരാവലിക്ക് മുഴുവൻ അപമാനകരമാകുംവിധം പുരാവസ്തു കണക്കെ ദൈനംദിനം

നശിപ്പിച്ചുകൊണ്ടിരിക്കുകയാണ്. സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിച്ചില്ലെങ്കിൽ പ്രവൃത്തി അവസാനിപ്പിക്കേണ്ട തീയതി മുതൽ ആദ്യ 120 ദിവസം നിർമ്മാണത്തുകയുടെ 0.1 ശതമാനവും 120 മുതൽ 180 ദിവസം വരെ 0.2 ശതമാനവും 180 ദിവസത്തിനുശേഷം 0.5 ശതമാനവും പിഴയായി കമ്പനി മുനിസിപ്പാലിറ്റിക്ക് നൽകണം. കൂടാതെ കൺസഷൻ ഫീ ഇനത്തിൽ വാർഷിക വർദ്ധനവോടുകൂടി പതിനാല് ലക്ഷം രൂപ വീതം വർഷാവർഷം കമ്പനി അടയ്ക്കേണ്ടതുണ്ട്. ഇങ്ങനെയെല്ലാമായി നഗരസഭയ്ക്ക് കിട്ടേണ്ട കോടിക്കണക്കിന് രൂപ അടയ്ക്കാതെയും സർക്കാരിനെയും നഗരസഭയെയും വഞ്ചിക്കുന്ന നിലപാടാണ് ഈ കമ്പനി സ്വീകരിച്ചുപോരുന്നത്. എന്നാൽ ഈ കമ്പനിയെ സഹായിക്കുംവിധം, നഗരസഭയ്ക്ക് കിട്ടേണ്ട പിഴകളെല്ലാം ഒഴിവാക്കിക്കൊടുത്തെന്ന് കാണിച്ച് കഴിഞ്ഞ ഫെബ്രുവരി 21-ന് 514/2021 പ്രകാരം സർക്കാർ ഇറക്കിയ ഉത്തരവ് ഞെട്ടിക്കുന്നതാണ്. സർക്കാരിന് കോടിക്കണക്കിന് രൂപ നഷ്ടം വരുത്തുന്ന ഈയൊരു ഉത്തരവിന് പിന്നിലെ ചേതോവികാരം ബഹുമാനപ്പെട്ട മന്ത്രി വിശദീകരിക്കുമെന്ന് പ്രതീക്ഷിക്കുകയാണ്. കരാറിലെ നടപടിക്രമങ്ങളിൽ അഴിമതിയുണ്ടെന്ന് കണ്ടെത്തിയതിനെത്തുടർന്ന് 2010-15 കാലത്തെ

മുനിസിപ്പൽ ചെയർപേഴ്സൺ ഉൾപ്പെടെ വിജിലൻസ് കേസ് ഉണ്ടായിരുന്നു. ആ കേസിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്നുകൂടി അറിയണം. അനുമതിയില്ലാതെ 1050 ച.മീ. അനധികൃത അധിക നിർമ്മാണം നടത്തി സർക്കാർ ഭൂമി നിർമ്മാണ പ്രവൃത്തിയിലും പ്രകടമായ ചട്ടലംഘനം നടത്തുകയുണ്ടായി. ഇതിന് പാർക്കിംഗ്, ഡ്രെയിനേജ്, ടോയ്ലറ്റ് സംവിധാനങ്ങളൊന്നുമില്ല. എന്നതുകൂടി ചട്ടലംഘനവുമായി ബന്ധപ്പെട്ട് കാണിക്കേണ്ടതാണ്. ഇതിനെതിരെ പ്രദേശത്തെ ജനങ്ങളും സർവകക്ഷികളുമൊക്കെ പ്രക്ഷോഭത്തിലാണ്. അതുകൊണ്ട് സ്ഥലവും കെട്ടിടവും റീസർവേ ചെയ്ത് അനധികൃത അധിക ഭൂമി കയ്യടക്കി വച്ചിട്ടുണ്ടോ എന്ന കാര്യം ജനങ്ങളെ ബോധ്യപ്പെടുത്തേണ്ടതുണ്ട്. 2016, സെപ്റ്റംബർ 8-ന് അന്നത്തെ പ്രതിപക്ഷ ഉപനേതാവും പിന്നീട് ആഭ്യന്തര വകുപ്പുമന്ത്രിയുമായിരുന്ന ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഉദ്ഘാടനം ചെയ്തതാണിത്. ഇന്നത്തെ നാദാപുരം എം.എൽ.എ. അന്ന് ആ ചടങ്ങിൽ പങ്കെടുത്തതാണ്. പക്ഷേ അന്ന് അടച്ചതിനുശേഷം ഇതുവരെ അത് തുറന്ന് പ്രവർത്തിച്ചിട്ടില്ല എന്നതാണ് ഇതിലെ ഏറ്റവും വലിയ പ്രശ്നം. ഇത് തുറന്ന് പ്രവർത്തിച്ചെങ്കിൽ നികുതിയിനത്തിലും മറ്റ് പല ഫീസിനത്തിലുമായി

മുനിസിപ്പാലിറ്റിക്കും സർക്കാരിനും ലഭിക്കേണ്ട ഭീമമായ വരുമാന നഷ്ടംകൂടി കണക്കിലെടുത്ത് മുഴുവൻ പിഴയും അടയ്ക്കണം. ഈ ഭൂമി പണയപ്പെടുത്തിയ കമ്പനി ഏതെങ്കിലും തരത്തിലുള്ള മറ്റ് സാമ്പത്തിക ഇടപാടുകൾ നടത്തിയിട്ടുണ്ടോ എന്നതുൾപ്പെടെ പരിശോധന നടത്തണം. ഈ കമ്പനിയെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തി ഭൂമിയും കെട്ടിടവും സർക്കാർ അടിയന്തരമായി ഏറ്റെടുത്ത് ഉടൻ പ്രവർത്തനക്ഷമമാക്കണമെന്ന് ഈ സബ്മിഷനിലൂടെ ഉന്നയിക്കുകയാണ്.

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, ബഹുമാനപ്പെട്ട വടകര എം.എൽ.എ. ശ്രീമതി കെ. കെ. രമ ഉന്നയിച്ച വിഷയം ഗൗരവപൂർണമായ പരിശോധനയ്ക്ക് വിധേയമാക്കിയപ്പോൾ 10-18 വർഷത്തെ ചരിത്രമാണ് ഈ പദ്ധതിക്കുള്ളത്. സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനായി സർക്കാർ 2003-ൽ ആവിഷ്കരിച്ച Global Inverstors Meet (GIM) പദ്ധതിയുടെ ഭാഗമായി വടകര നഗരസഭ നാരായണ നഗറിൽ ബി.ഒ.ടി. അടിസ്ഥാനത്തിൽ ഒരു വെജിറ്റബിൾ കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുന്നതിനായി ടെണ്ടർ നടപടികൾവഴി ഹോളിഡേ സിറ്റി സെന്റർ പ്രൈവറ്റ് ലിമിറ്റഡ്, കൊച്ചിൻ

എന്ന കമ്പനിയുമായി 03.04.2006-ന് കരാറിൽ ഏർപ്പെട്ടിരുന്നു. കെട്ടിടത്തിന്റെ ലേ ഔട്ട് അപ്രൂവൽ വാങ്ങി കമ്പനിക്ക് നൽകുന്നതിന് കാലതാമസമുണ്ടായതിനാൽ 06.08.2010-ന് നഗരസഭ കമ്പനിയുമായി ഒരു സപ്ലിമെന്ററി കരാർ ഒപ്പിട്ടു. ഈ കരാർ പ്രകാരം പതിനെട്ട് മാസത്തിനകം കെട്ടിടത്തിന്റെ പ്രവൃത്തി പൂർത്തീകരിക്കേണ്ടതും ഇരുപത്തിയഞ്ച് വർഷത്തെ നടത്തിപ്പിനുശേഷം കെട്ടിടം നഗരസഭയ്ക്ക് കൈമാറേണ്ടതുമാണ് എന്നാണ് വ്യവസ്ഥ ചെയ്തിരുന്നത്. സപ്ലിമെന്ററി കരാർ ഉടമ്പടി പ്രകാരം പ്രവൃത്തി 05.02.2012-ന് പൂർത്തീകരിക്കേണ്ടതായിരുന്നെങ്കിലും സ്ഥലത്തിന്റെ പ്രത്യേക അവസ്ഥയും പ്രതികൂല കാലാവസ്ഥയും കാരണം **2011** ഏപ്രിൽ മാസത്തിലേ പ്രവൃത്തി പൂർത്തീകരിക്കാൻ കഴിഞ്ഞുള്ളൂവെന്നും അതിനുശേഷം അതിവേഗം പ്രവൃത്തി പുരോഗമിച്ച് വരുന്നുണ്ടെന്നും 05.02.2012 മുതൽ ആറ് മാസത്തേയ്ക്ക് പ്രോജക്ട് പൂർത്തീകരിക്കുന്ന കാലാവധി നീട്ടിത്തരണമെന്നും കമ്പനി 13.02.2012-ലെ കത്ത് പ്രകാരം അപേക്ഷിക്കുകയുണ്ടായി. പ്രസ്തുത കത്ത് പരിഗണിച്ച് നഗരസഭാ കൗൺസിൽ 96 ലക്ഷം രൂപ പിഴയീടാക്കിക്കൊണ്ട് 180 ദിവസത്തേയ്ക്ക് കാലാവധി ദീർഘിപ്പിച്ച് നൽകുന്നതിന് തീരുമാനിക്കുകയുണ്ടായി. ഇതിനെതിരെ 02.07.2012-ന്

സമർപ്പിച്ച അപേക്ഷയിൽ പദ്ധതിയുടെ കൺസൾട്ടന്റായ ഐ.സി.ഐ.സി.ഐ. കിൻഫ്ര ലിമിറ്റഡ് സമർപ്പിച്ച റിപ്പോർട്ടും നഗരസഭാ കൗൺസിൽ പരിഗണിച്ച് വിഷയം സർക്കാരിലേയ്ക്ക് അയയ്ക്കുന്നതിന് തീരുമാനിച്ചു. ഈ വിഷയം സർക്കാർ ചർച്ച ചെയ്യുകയും ഈ പ്രോജക്ട് തർക്കരഹിതമായി മുന്നോട്ട് കൊണ്ടുപോകുന്നതിനായി ചില മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയുമുണ്ടായി. നാല് കാര്യങ്ങളാണ് ചൂണ്ടിക്കാണിച്ചത്. ഒന്ന്, താൽകാലിക പൂർത്തീകരണ സർട്ടിഫിക്കറ്റ് ലഭിക്കുന്ന മുറയ്ക്ക് ഹോളിഡേ സിറ്റി സെന്റർ പ്രൈവറ്റ് ലിമിറ്റഡ് ഉടൻ കെട്ടിട നിർമ്മാണം പുനരാരംഭിക്കണം. രണ്ട്, പിഴ ഒഴിവാക്കുന്ന കാര്യം നഗരസഭയ്ക്ക് തീരുമാനിക്കാവുന്നതാണ്. മൂന്ന്, താൽകാലിക പൂർത്തീകരണ സർട്ടിഫിക്കറ്റ് ലഭിച്ച് പത്ത് മാസത്തിനകം ബെയ്സ്മെന്റ് നിലയിലും തറ നിലയിലും പണി പൂർത്തീകരിക്കേണ്ടതാണ്. മറ്റ് നിർമ്മാണങ്ങൾ അതിനുശേഷം ഇരുപത്തിനാല് മാസത്തിനകം പൂർത്തീകരിക്കേണ്ടതുമാണ്. നാല്, താൽകാലിക പൂർത്തീകരണ സർട്ടിഫിക്കറ്റ് ലഭിച്ചുകഴിഞ്ഞാൽ പ്രതിവർഷം പതിനാല് ലക്ഷം രൂപ കമ്പനി നഗരസഭയ്ക്ക് നൽകേണ്ടതുമാണ്. മേൽ നിർദ്ദേശങ്ങൾ 23.10.2014-ലെ നഗരസഭാ കൗൺസിൽ പരിഗണിച്ചതിൽ

പിഴ ഒഴിവാക്കുകയും കെട്ടിടത്തിന്റെ പണി പൂർത്തീകരിക്കുന്നതിന് മുപ്പത്തിയാറ് മാസത്തെ സമയം അനുവദിക്കുകയും ചെയ്തിട്ടുണ്ട്. കെട്ടിടത്തിന്റെ ഫസ്റ്റ് ഫെയ്സ് 06.11.2014-ന് പ്രൊവിഷണൽ ഒക്കിപ്പൻസി അനുവദിച്ചിട്ടുണ്ട്. ഈ തീയതി മുതൽ കൺസഷൻ ഫീ ഇനത്തിൽ പതിനാല് ലക്ഷം രൂപ കമ്പനി നഗരസഭയിൽ ഒടുക്കിയിട്ടുമുണ്ട്. പദ്ധതിക്കായി 2.32 ഏക്കർ സ്ഥലമാണ് കമ്പനിക്ക് അനുവദിച്ചിട്ടുള്ളത്. ഈ സ്ഥലമല്ലാതെ അധികമായി സർക്കാർ ഭൂമി കമ്പനി കയ്യേറിയിട്ടില്ലാത്തതാണ്. 22,831.32 ച.മീ. വിസ്തീർണത്തിൽ കെട്ടിടം നിർമ്മിക്കുന്നതിനാണ് നഗരസഭ പെർമിറ്റ് അനുവദിച്ചിരുന്നത്. എന്നാൽ കമ്പനി 03.06.2017-ന് സമർപ്പിച്ച റിവൈസ്ഡ് ആന്റ് കംപ്ലീഷൻ പ്ലാൻ പ്രകാരം കെട്ടിടത്തിന്റെ വിസ്തീർണം 23,851.51 ച.മീ. ആണ്. അധികമായി പണിത ഏരിയയുടെ ഫീസ് പിഴ സംബന്ധിച്ച് തീരുമാനത്തിനായി നഗരസഭാ കൗൺസിലിന്റെ 03-11-2020-ലെ തീരുമാനപ്രകാരം സർക്കാരിൽ അപേക്ഷ സമർപ്പിച്ചിരുന്നു. ആയതിൽ ബി.ഒ.ടി. വ്യവസ്ഥയിൽ നിർമ്മിച്ച കെട്ടിടത്തിന് occupancy അനുവദിച്ച് കെട്ടിട നമ്പർ നൽകുന്നതിന് 20-02-2021ലെ സർക്കാർ ഉത്തരവനുസരിച്ച് 514/2021

പ്രകാരം ചില വ്യവസ്ഥകൾക്ക് വിധേയമായി അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത സർക്കാർ ഉത്തരവിലെ ഒന്നാമത്തെ വ്യവസ്ഥ അംഗീകരിച്ച്, അധികരിച്ച ഏരിയയ്ക്ക് ആനുപാതിക ഫീസ് ഈടാക്കി occupancy certificate അനുവദിക്കുന്നതിന് 31-05-2021-ലെ നഗരസഭാ കൗൺസിൽ തീരുമാനിച്ചിട്ടുണ്ട്. അധികമായി നിർമ്മിച്ച 1020.19 ചതുരശ്ര മീറ്റർ വിസ്തീർണ്ണത്തിന് ഓരോ വർഷവും വാർഷിക ഫീസായ 14 ലക്ഷത്തിന് പുറമെ 62,558 രൂപ കൂടി അധികമായി ഈടാക്കുന്നതിനും നഗരസഭ തീരുമാനിച്ചിട്ടുണ്ട്. അധികമായി പണിത ഏരിയ റെഗുലറൈസ് ചെയ്ത് ഫീസ് ഒടുക്കുന്നതിനും വാർഷിക ഫീസിൽ കുടിശ്ശിക ഒടുക്കുന്നതിനും നഗരസഭ കമ്പനിക്ക് നോട്ടീസ് നൽകുന്നതിൽ റഗുലറൈസേഷൻ ഫീസിനത്തിൽ 4,10,147 രൂപയും കൺസഷൻ ഫീസിൽ 21,42,870 രൂപയും ഒടുക്കിയിട്ടുണ്ട്. പദ്ധതി നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാത്തതിനാൽ കരാർ പ്രകാരം കമ്പനി കൊടുക്കാൻ ബാദ്ധ്യസ്ഥമായ പിഴ ഒടുക്കാത്തതിനാൽ ബി.ഒ.ടി. കെട്ടിടത്തിന് നാളിതുവരെ occupancy certificate അനുവദിച്ചിട്ടില്ല. മറ്റ് കാര്യങ്ങൾ പരിശോധിച്ചുവരികയാണ്.

## 2. റീസർവ്വേ നടപടികൾ

ശ്രീ. കെ. യു. ജനീഷ് കുമാർ: സർ, കോന്നി മണ്ഡലത്തിലെ വിവിധ വില്ലേജുകളിൽ റീസർവ്വേ നടപടികളുമായി ബന്ധപ്പെട്ടുകൊണ്ട് നിരവധി അപാകതകൾ നിലനിൽക്കുകയാണ്. ജനങ്ങൾക്ക് വലിയ ബുദ്ധിമുട്ടുണ്ടാക്കുന്ന ഈ വിഷയം പരിഹരിക്കണമെന്നുള്ളതാണ് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്. 2014-ൽ റീസർവ്വേ നടപടികൾ പൂർത്തീകരിച്ച് അംഗീകാരം നൽകിയതാണ് മൈലപ്ര, അയിരവൺ വില്ലേജുകൾ. വേണ്ടത്ര വ്യക്തതയില്ലാതെ മതിയായ ഫീൽഡ് വെരിഫിക്കേഷൻ നടത്താതെയാണ് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ റീസർവ്വേ നടപടികൾ പൂർത്തീകരിച്ചത്. ഇതിന്റെ ഭാഗമായി ജനങ്ങളുടെ വ്യാപകമായ പരാതിയുണ്ടായിരിക്കുകയാണ്. അര നൂറ്റാണ്ടിനുമുൻപ് സർക്കാർ പട്ടികജാതി ജനവിഭാഗത്തിന് നൽകിയ ഭൂമിയാണ് കുരുടൻകുഴി കോളനിയിലെ ഭൂമി. അവിടെ അവർക്ക് പട്ടയവും ഉടമസ്ഥാവകാശവും വീടും നൽകിയിരുന്നു, 2014 വരെ അവർ കരവും ഒടുക്കിയിരുന്നു. പക്ഷെ 2014-നുശേഷം ആ കോളനിയിലെ പാവപ്പെട്ടവർ കരമൊടുക്കാൻ പോയപ്പോൾ റീസർവ്വേ നടപടികളുടെ ഭാഗമായി ആ ഭൂമി പുറമ്പോക്ക് ഭൂമിയാണെന്നാണ്

അവരെ അറിയിച്ചത്. ഇതുമൂലം അവിടെയുള്ളവർക്ക് കരമൊടുക്കാനോ മറ്റ് ആനുകൂല്യങ്ങൾ കൈപ്പറ്റാണോ കഴിയുന്നില്ല. കഴിഞ്ഞ ദിവസം മൈലപ്ര ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് തനിക്ക് മൂന്ന് തലമുറയായി കൈമാറി കിട്ടിയ ഭൂമിയുടെ കരമൊടുക്കാൻ പോയപ്പോൾ ആ ഭൂമി മറ്റൊരാളുടെ പേരിലാണെന്ന് മനസ്സിലാക്കി. അച്ഛനും മുത്തച്ഛനുമൊക്കെ കൈമാറിക്കിട്ടിയ ആ ഭൂമിയുടെ അവകാശം ഇപ്പോൾ അന്വേഷിക്കുമ്പോൾ അയൽപക്കക്കാരന്റെ പേരിലാണ്, അയൽപക്കക്കാരന്റെ ഭൂമി അപേക്ഷകന്റെ പേരിലുമാണ്. മാത്രമല്ല ഭൂമിയുടെ അളവിലും അതിർത്തിയിലുമെല്ലാം വലിയ പ്രശ്നങ്ങൾ നിലനിൽക്കുന്നതിനാൽ സാധാരണ ജനങ്ങൾക്ക് വലിയ ബുദ്ധിമുട്ടാണ്. ഇതുപരിഹരിക്കാൻ അവർ കളക്ടറേറ്റിലും താലൂക്ക്/വില്ലേജ് ഓഫീസുകളിലുമെല്ലാം കയറിയിറങ്ങി നടക്കുകയാണ്. പക്ഷെ വളരെ വർഷങ്ങൾ പ്രയത്നിച്ച് വലിയ ഇടപെടലുകൾ നടത്തിയാൽ മാത്രമാണ് ചെറിയ കേസുകൾ പോലും പരിഹരിച്ചുകൊടുക്കുന്നത്. ഇതിൽ വ്യക്തത വരുത്താൻ, മണ്ഡലത്തിലെ റീസർവ്വെ നടപടികളിലെ അപാകതകൾ പരിഹരിക്കുന്നതിനുവേണ്ടി ഒരു സ്പെഷ്യൽ ടീമിനെ നിയോഗിച്ചുകൊണ്ട് ഇക്കാര്യത്തിൽ വളരെ വേഗത്തിൽ തീർപ്പുകൽപ്പിക്കുവാൻ ഗവൺമെന്റിന്റെ

ഭാഗത്തുനിന്നും ഇടപെടൽ ഉണ്ടാകണമെന്നാണ് സൂചിപ്പിക്കാനുള്ളത്. കൂടാതെ സീതത്തോട്, ചിറ്റാർ, അരുവാപ്പുലം, തണ്ണിത്തോട്, കോന്നിത്താഴം എന്നീ വില്ലേജുകളിലെ റീസർവ്വെ നടപടികൾ വേഗത്തിൽ പൂർത്തീകരിക്കാനുംകൂടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നും നടപടികൾ സ്വീകരിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ എനിക്ക് ആവശ്യപ്പെടാനുള്ളത്.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ബഹുമാനപ്പെട്ട എം.എൽ.എ., ശ്രീ. കെ. യു. ജനീഷ് കുമാർ ഇവിടെ ഉന്നയിച്ച പ്രശ്നങ്ങൾ വളരെ ഗൗരവമുള്ളതാണ്. എം.എൽ.എ. എന്നുള്ള നിലയിൽ അദ്ദേഹം കുറേകാലമായി ഉന്നയിക്കുന്ന വിഷയങ്ങളുമാണിവ. പത്തനംതിട്ട ജില്ലയിലെ കോന്നി താലൂക്കിൽ ഉൾപ്പെട്ടുവരുന്ന 3757 ഹെക്ടർ വിസ്തീർണ്ണമുള്ള അരുവാപ്പുലം വില്ലേജിൽ 36, 37, 38, 39 എന്നീ ബ്ലോക്കുകളാണുള്ളത്. ഇവയിൽ റിസർവ് ഫോറസ്റ്റ് ബ്ലോക്ക് നമ്പർ 39, ഹാരിസൺ പ്ലാന്റേഷന്റെ കൈവശവുമായി ബന്ധപ്പെട്ട കോടതി കേസ് നിലനിൽക്കുന്ന ബ്ലോക്ക് നമ്പർ 38-ലെ പ്രസ്തുത ഭാഗം എന്നിവ ഒഴികെ റീസർവെ, ഫീൽഡ് ജോലികൾ കണവെൻഷണൽ രീതിയിൽ

പൂർത്തീകരിച്ചിട്ടുള്ളതാണ്. ടി വില്ലേജിലെ അപ്പീൽ & ലാന്റ് കംപ്ലെൻറ് പരാതികൾ തീർപ്പാക്കിയിട്ടുള്ളതും ഡാറ്റാ എൻട്രി ജോലികൾ പൂർത്തീകരിച്ച് റവന്യൂ ഭരണത്തിന് കൈമാറുന്നതുമാണ്. സംസ്ഥാനത്ത് എല്ലാ വില്ലേജുകളിലും ഡിജിറ്റൽ ഭൂരേഖ തയ്യാറാക്കുക, ടി രേഖകൾ റവന്യൂ രജിസ്ട്രേഷൻ വകുപ്പിലെ ഭൂസംബന്ധമായിട്ടുള്ള സേവനങ്ങളുമായി യോജിപ്പിച്ച് മാപ്പ് ഉൾപ്പെടെയുള്ള സേവനം നൽകുകയെന്ന ലക്ഷ്യത്തോടെ ഇന്റഗ്രേഷൻ ഓഫ് ലാന്റ് റിക്കാർഡ്സ് സർവ്വീസ് ഡെലിവറി എന്ന പ്രോജക്ട് വകുപ്പിൽ ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരികയാണ്. ജീവനക്കാരുടെയും സർവ്വെ ഉപകരണങ്ങളുടെയും കുറവ് റീസർവ്വെ പ്രവർത്തനങ്ങളുടെ പുരോഗതിയെ ബാധിക്കുന്നുണ്ട്. സർവ്വെ ഉപകരണങ്ങളുടെ കുറവ് പരിഹരിക്കുന്നതിന് ആധുനിക സർവ്വെ സാങ്കേതിക വിദ്യയായ Continuously Operating Reference Station നെറ്റ്വർക്ക് സംസ്ഥാനത്ത് സ്ഥാപിക്കുന്നതിനും RTK(Real-time kinematic positioning) ഉപകരണങ്ങളുടെ സഹായത്തോടെ സർവ്വെ ജോലികൾ ത്വരിതപ്പെടുത്തുന്നതിനും ലക്ഷ്യമിടുന്നുണ്ട്. ഈ സാങ്കേതിക വിദ്യയിൽ കൂടുതൽ പരിജ്ഞാനമുള്ള സർവ്വെ ഓഫ് ഇന്ത്യ മുഖേന ഇത് സംസ്ഥാനത്ത്

സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ജീവനക്കാരുടെ അഭാവത്തിന് പരിഹാരമായി വകുപ്പിലെ ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ ലൈസൻസ്ഡ് സർവെയറുടെ സേവനംകൂടി വിനിയോഗിച്ചും ആയതിന് ആവശ്യമായ തുക RKI-യിൽനിന്ന് ലഭ്യമാക്കിയും സർവ്വെ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ച് വരികയാണ്. പ്രസ്തുത നടപടികൾ പൂർത്തിയാകുന്നമുറയ്ക്ക് സർവെ നടപടികൾ കാലതാമസമില്ലാതെ പൂർത്തിയാകും. വളരെ കുറച്ച് സമയം മാത്രം മതിയാകും. പത്തനംതിട്ട ജില്ലയിലെ കോന്നി നിയോജക മണ്ഡലത്തിലെ ശേഷിക്കുന്ന കോന്നിത്താഴം, തണ്ണിത്തോട്, ചിറ്റാർ, സീതത്തോട് എന്നീ വില്ലേജുകളിലെ റീസർവ്വെ ജോലികൾക്ക് പ്രത്യേകമുൻഗണന നൽകി കൂടുതൽ കൃത്യതയോടെയും സമയബന്ധിതമായും റീസർവ്വെ പ്രവർത്തനം പൂർത്തിയാക്കാൻ സാധിക്കുന്നതാണ്.

## 3. റവന്യൂ ടവർ നിർമ്മാണം

ശ്രീ. പി. ഉബൈദുള്ള: സർ, മലപ്പുറത്ത് ഒരു റവന്യൂ ടവർ നിർമ്മിക്കുന്നതിന്റെ ആവശ്യകതയാണ് ഈ സബ്മിഷനിലൂടെ ഞാൻ ഉന്നയിക്കുന്നത്. മലപ്പുറം ജില്ലാ കളക്ടേറ്റ് നിലവിൽ പ്രവർത്തിക്കുന്നത്

ബ്രിട്ടീഷ് സൈന്യത്തിന്റെ ബാരക്കായി ഉപയോഗിച്ചിരുന്ന കെട്ടിടത്തിലാണ്. സ്വാതന്ത്ര്യത്തിനുശേഷം ബ്രിട്ടീഷ് സൈന്യത്തിന്റെ വസ്തുവകകൾ കേന്ദ്ര സർക്കാരിൽ നിക്ഷിപ്തമായപ്പോൾ ബാരക്കായി ഉപയോഗിച്ചിരുന്ന ഈ കെട്ടിടം വിദ്യാഭ്യാസ വകുപ്പിന് കൈമാറുകയും തുടർന്ന് റവന്യൂ വകുപ്പിന് ജില്ലാ കളക്ടറുടെ ആസ്ഥാനമായി പ്രവർത്തിക്കുന്നതിന് ഏൽപ്പിക്കുകയുമാണുണ്ടായത്. ഈ കെട്ടിടങ്ങൾക്ക് ഏകദേശം നൂറ് വർഷത്തെ പഴക്കമുണ്ട്. രണ്ട് പ്രധാന ഹാളുകളാണ് ഈ കെട്ടിട സമുച്ചയത്തിലുള്ളത്. ഇവിടെ 200-ലധികം ഉദ്യോഗസ്ഥർ ജോലിചെയ്തുവരികയാണ്. കൂടാതെ വിവിധ ആവശ്യങ്ങൾക്കായി ദിവസേന നിരവധിയാളുകളാണ് ഇവിടെയെത്തുന്നത്. കാലപ്പഴക്കത്താലുണ്ടായ ചോർച്ചമൂലം മിക്ക സെക്ഷനുകളിലും കാലവർഷസമയത്ത് വെള്ളം കെട്ടിക്കിടക്കുന്ന അവസ്ഥയാണ് നിലവിലുള്ളത്. പൊതുമരാമത്ത് വകുപ്പ് എല്ലാ വർഷവും ഈ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾക്ക് തുക ചെലവഴിക്കുന്നുണ്ടെങ്കിൽപ്പോലും കെട്ടിടത്തിന്റെ കാലപ്പഴക്കം കാരണം ഫലപ്രാപ്തിയിലെത്തുന്നില്ല. ജില്ലാ കളക്ടർ, അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ്, ആറ് ഡെപ്യൂട്ടി കളക്ടർമാർ, മൂന്ന് സീനിയർ സൂപ്രണ്ടുമാർ, പതിനെട്ട്

സെക്ഷനുകളിലെ ഉദ്യോഗസ്ഥർ എന്നിവർക്ക് സൗകര്യപ്രദമായി ജോലി ചെയ്യുന്നതിനാവശ്യമായ സ്ഥലസൗകര്യം നിലവിൽ പ്രസ്തുത കെട്ടിടത്തിൽ ലഭിക്കുന്നില്ല. കൂടാതെ ദുരന്ത നിവാരണ പ്രവർത്തനങ്ങളുടെ സമയത്തും ഇലക്ഷൻ പോലുള്ള അടിയന്തര ഘട്ടങ്ങളിലും കൺട്രോൾ റൂം സംഭരണ കേന്ദ്രങ്ങൾ എന്നിവ കോൺഫറൻസ് ഹാളിൽതന്നെ പ്രവർത്തിക്കുന്നതിനാൽ അടിയന്തര ഘട്ടങ്ങളിൽ യോഗം നടത്തുന്നതിന് മറ്റ് ഓഫീസുകളിലെ കോൺഫറൻസ് ഹാളുകളെ ആശ്രയിക്കേണ്ടി വരികയാണ്. റീസർവ്വേ അസ്സിസ്റ്റന്റ് ഡയറക്ടർ, ഗ്രാമവികസന വകുപ്പ്, ജില്ലാ ഡെവലപ്മെന്റ് കമ്മീഷണർ എന്നിവരുടെ ഓഫീസും ഇതേ കെട്ടിടത്തിലാണ് പ്രവർത്തിച്ചുവരുന്നത്. ഓഫീസുകളിൽ വിവിധ ആവശ്യങ്ങൾക്കായി എത്തുന്ന പൊതുജനങ്ങൾക്ക് ഇരിക്കാൻ കെട്ടിടത്തിൽ സൗകര്യം കുറവാണ്. കളക്ടറുടെയും എ.ഡി.എം.-ന്റെ ചേംബറിലുമൊക്കെ ഹിയറിംഗിന് ദിവസേന നിരവധി ആളുകൾ എത്തുമ്പോൾ അവർക്ക് പുറത്ത് നിൽക്കേണ്ട സ്ഥിതിയാണ് നിലവിലുള്ളത്. ഓഫീസ് സ്ഥലപരിമിതി പരിഹരിക്കുന്നതിനായി ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ഉന്നത ഉദ്യോഗസ്ഥരും ഈ മേഖലയിൽ പ്രവർത്തിക്കുന്നവരുമായി ഒരു യോഗം 25-

10-2019-ൽ വിളിച്ചുചേർക്കുകയും ചർച്ചകൾക്കുശേഷം പുതിയ കെട്ടിട സമുച്ചയം നിർമ്മിക്കുന്നതിന് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയെ ചുമതലപ്പെടുത്തുകയും അവർ തയ്യാറാക്കിയ പ്ലാനും എസ്റ്റിമേറ്റും സഹിതം 65 കോടി രൂപയുടെ പ്രൊപ്പോസൽ സർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. നിലവിൽ സമാന്തരമായി സ്ഥിതിചെയ്യുന്ന രണ്ട് കെട്ടിടങ്ങൾ പൊളിച്ചുമാറ്റി അതേ സ്ഥലത്ത് പുതിയ കെട്ടിടം നിർമ്മിക്കാനും ജില്ലാ കളക്ടറുടെ ചേംബറിന് മുന്നിലാണ് മറ്റൊരു കെട്ടിടവും ചേർത്ത് 'U' ആകൃതിയിൽ റവന്യൂ ടവർ നിർമ്മിക്കാനാണ് ഈ പദ്ധതിയിൽ വിഭാവന ചെയ്തിട്ടുള്ളത്. ബ്രിട്ടീഷുകാരുടെ കാലത്തുണ്ടാക്കിയ കെട്ടിടത്തിന്റെ പൗരാണിക സ്വഭാവം നിലനിർത്തിക്കൊണ്ടുതന്നെ ജില്ലാ കളക്ടറുടെ ചേംബർ ഉൾക്കൊള്ളുന്ന കെട്ടിടം അതേപടി നിലനിർത്തുന്നതിനാൽ പുരാതന ഘടകങ്ങളുടെ സംരക്ഷണം ഉറപ്പുവരുത്തിക്കൊണ്ടുകൂടിയാണ് ഈ പ്രൊപ്പോസൽ തയ്യാറാക്കിയിരിക്കുന്നത്..... സബ്മിഷനിലടക്കം എന്തിനാണ് ഇടപെടുന്നത്? എല്ലാ കാര്യങ്ങളിലും ഇടപെടുന്ന ഒരാളായി മാറാൻ കഴിയുമോ ശ്രീ. എ. എൻ. ഷംസീറിന്?

<u>മി. സ്പീക്കർ</u>: അങ്ങ് പറഞ്ഞ് അവസാനിപ്പിക്കൂ.

ശ്രീ. പി. ഉബൈദുള്ള: സർ, പ്രസ്തുത പ്രൊപ്പോസൽ റീബിൽഡ് കേരളയിൽ ഉൾപ്പെടുത്തി അംഗീകാരം നൽകാമെന്ന് അറിയിച്ചിരുന്നെങ്കിലും നാളിതുവരെ ഭരണാനുമതി ലഭിച്ചിട്ടില്ല. സാങ്കേതിക കാരണങ്ങൾ പറഞ്ഞ് പദ്ധതി അനന്തമായി നീട്ടിക്കൊണ്ടുപോകാതെ മലപ്പുറം റവന്യൂ ടവറിന് എത്രയും വേഗം അംഗീകാരം നൽകണമെന്ന് ഞാൻ ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുകയാണ്.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചത് വളരെ ന്യായവും ഗുരുതരവുമായ ഒരു പ്രശ്നമായി സർക്കാർ മനസ്സിലാക്കുന്നുണ്ട്. അങ്ങ് പറഞ്ഞതുപോലെ മലപ്പുറം ജില്ലാ കളക്ടറേറ്റ് നിലവിൽ പ്രവർത്തിക്കുന്നത് ബ്രിട്ടീഷ് സൈന്യത്തിന്റെ ബാരക്കായി ഉപയോഗിച്ചിരുന്ന കെട്ടിടത്തിൽതന്നെയാണ്. സ്വാതന്ത്ര്യത്തിനുശേഷം ബ്രിട്ടീഷ് സൈന്യത്തിന്റെ വസ്തുവകകൾ കേന്ദ്ര സർക്കാരിൽ നിക്ഷിപ്തമായപ്പോൾ ബാരക്കായി ഉപയോഗിച്ചിരുന്ന കെട്ടിടം വിദ്യാഭ്യാസ വകുപ്പിന് കൈമാറുകയും ചെയ്തു. ഇപ്പോൾ ആ കെട്ടിടത്തിന് ഏകദേശം നൂറ് വർഷങ്ങളുടെ പഴക്കമുണ്ട്. നിലവിൽ ടി കെട്ടിടത്തിൽ കളക്ടറേറ്റ് പ്രവർത്തിക്കുന്നതിനാവശ്യമായ സൗകര്യങ്ങളില്ലെന്ന് മാത്രമല്ല

കെട്ടിടം ജീർണ്ണാവസ്ഥയിലുമാണ്. രണ്ട് ഹാളുകൾ മാത്രമാണ് കെട്ടിട സമുച്ചയത്തിലുള്ളത്. ദിവസേന വിവിധ ആവശ്യങ്ങൾക്കായി കളക്ടറേറ്റിലെത്തുന്ന പൊതുജനങ്ങൾക്കും ജീവനക്കാർക്കും അസൗകര്യംമൂലം ബുദ്ധിമുട്ടുണ്ടാകുന്ന അവസ്ഥയുമുണ്ട്. കേരളത്തിലെ ഏറ്റവും ജനസംഖ്യയുള്ള മലപ്പുറം ജില്ലയുടെ ഭരണകേന്ദ്രം പൊതുജനങ്ങൾക്കും ഉദ്യോഗസ്ഥർക്കും സൗകര്യപ്രദമാകുംവിധത്തിൽ ക്രമീകരിച്ചാൽ കാര്യക്ഷമമായ ഭരണനിർവ്വഹണം നടത്താനും പൊതുജനങ്ങൾക്ക് മികച്ച സേവനങ്ങൾ പ്രദാനം ചെയ്യാനും സാധിക്കും. മലപ്പുറം കളക്ടറേറ്റും റവന്യൂ സർവ്വേ ഓഫീസുകളും വാടക കെട്ടിടത്തിലുള്ള മറ്റ് സർക്കാർ ഓഫീസുകളും പ്രവർത്തിപ്പിക്കുന്നതിന് യോജിച്ച രീതിയിലുള്ള ഒരു റവന്യൂ ടവർ റീ ബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിലുൾപ്പെടുത്തി നിർമ്മിക്കുന്നതിന് 65 കോടി രൂപയുടെ എസ്റ്റിമേറ്റ് ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന് സമർപ്പിച്ചിട്ടുണ്ട്. അനുമതി ലഭ്യമായ ഉടനെ അടിയന്തര പ്രാധാന്യത്തോടെ മറ്റ് നടപടികൾ പൂർത്തിയാക്കി റവന്യൂ ടവർ നിർമ്മാണം യാഥാർത്ഥ്യമാക്കുന്നതാണ്. നമ്മുടെ ജില്ലകളിൽ പ്രത്യേകിച്ച് മലപ്പുറം ജില്ലയ്ക്ക്, ഇത്രയേറെ വർഷങ്ങളുടെ പഴക്കമുള്ള പൗരാണിക പാരമ്പര്യമുള്ള

ഒരു കെട്ടിടമുണ്ടാകുകയും അത് ജില്ലയുടെ ഭരണകൂടത്തിനാവശ്യമായ സാഹചര്യം ഒരുക്കാതിരിക്കുകയും ചെയ്യുന്നത് വളരെ ഗൗരവമായെടുത്തുകൊണ്ട് കേരളത്തിൽ ഇപ്പോൾ നടത്താൻ പോകുന്ന റവന്യൂ നിർമ്മാണത്തിൽ ഗൗരവമായ മുൻഗണന ഈ കാര്യത്തിന് നൽകിക്കൊണ്ട് സമയബന്ധിതമായി നടപ്പിലാക്കുമെന്ന് സഭയെ അറിയിക്കുകയാണ്.

## 4. പട്ടയം

ശ്രീ. പ്രമോദ് നാരായൺ: സർ, റാന്നി മണ്ഡലത്തിലെ പെരുമ്പെട്ടി വില്ലേജിലെ കർഷകർ ഉൾപ്പെടെയുള്ള 512 കുടുംബങ്ങൾക്ക് കഴിഞ്ഞ 63 വർഷങ്ങളായി അർഹതപ്പെട്ട പട്ടയങ്ങൾ ലഭിക്കുന്നില്ലായെന്ന വളരെ നീതിപൂർവ്വമായ പ്രശ്നമാണ് ഞാൻ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്. 283/1 എ എന്ന പഴയ സർവ്വേ നമ്പറിൽപ്പെട്ട 274.5 ഏക്കർ സ്ഥലം വനം വകുപ്പിന്റെ 1958-ലെ നോട്ടിഫിക്കേഷൻ അനുസരിച്ചുള്ള പരിധിക്ക് പുറത്താണോയെന്നതായിരുന്നു തർക്കത്തിന് ആധാരമായ വസ്തുത. ജനപ്രതിനിധികൾ ഉൾപ്പെടെ നടത്തിയ നിരന്തരമായ പ്രക്ഷോഭത്തെത്തുടർന്ന് 2018-ൽ റവന്യൂ-വനം വകുപ്പുകൾ സംയുക്തമായി

ഒരു സർവ്വേ നടത്തി. 88 ശതമാനം സർവ്വേ പൂർത്തീകരിച്ചു. 1958-ലെ നോട്ടിഫിക്കേഷൻ പ്രകാരം 174 മുതൽ 211 വരെയുള്ളത് റീ-സർവ്വേ നടത്തി 2019 മാർച്ച് 6-ാം തീയതി ഒരു ഇടക്കാല റിപ്പോർട്ട് പുറപ്പെടുവിച്ചു. ജനങ്ങൾ ഒരാളും ഒരിഞ്ച് വനഭൂമിപോലും കയ്യേറിയിട്ടില്ലായെന്നാണ് അതിൽ കണ്ടെത്തിയത്. ഒരു കുടുംബംപോലും വനഭൂമിയുടെ ജണ്ടയ്ക്കകത്ത് താമസിക്കുന്നില്ലായെന്ന് കണ്ടെത്തി. പക്ഷേ അവശേഷിക്കുന്ന 12 ശതമാനം സർവ്വേ പൂർത്തീകരിച്ചില്ല. യഥാർത്ഥത്തിൽ അവശേഷിക്കുന്ന 12 ശതമാനം സർവ്വേ നടത്താനുള്ള സ്ഥലം രണ്ട് റിസർവ് വനങ്ങൾക്കിടയിലുള്ള കല്ലുകൾ ഉൾപ്പെടുന്ന ഭാഗമാണ്. 1958-ലെ നോട്ടിഫിക്കേഷൻ പ്രകാരമുള്ള സ്കെച്ച് വേണമെന്നാണ് വനം വകുപ്പ് പറയുന്നത്. കഴിഞ്ഞ രണ്ട് വർഷമായിട്ടും സ്കെച്ച് കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. ഒരിഞ്ചുപോലും വനഭൂമി കയ്യേറാത്ത സാധാരണ മനുഷ്യർ തലമുറകളായി അവർക്ക് അർഹതപ്പെട്ട പട്ടയം ലഭിക്കാത്തതുകൊണ്ട് സമര രംഗത്താണ്. ജനപ്രതിനിധികൾ ഉൾപ്പെടെ സമര രംഗത്താണ്. ഇവിടെ ഞാൻ ഉന്നയിക്കുന്ന ആവശ്യം, വനഭൂമി സംരക്ഷിക്കപ്പെടുകതന്നെ വേണം. പക്ഷെ വനഭൂമി കയ്യേറാത്ത ആളുകൾക്ക് നീതി നിഷേധിക്കപ്പെടാൻ പാടില്ല. സ്കെച്ച് ഇല്ലായെന്ന കാരണം പറഞ്ഞ്

നാമിത് നീട്ടാൻ പാടില്ല. റീ സർവ്വേയുടേയും 1958-ലെ നോട്ടിഫിക്കേഷൻ പ്രകാരമുള്ള അതിർത്തി വിവരണത്തിന്റെയും അടിസ്ഥാനത്തിൽ സർവ്വേ പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കണം. പൊന്തൻപുഴ, പെരുമ്പെട്ടി മേഖലകളിലെ ആളുകൾക്ക് അർഹതപ്പെട്ട പട്ടയം ലഭ്യമാക്കാൻ അടിയന്തര നടപടിയുണ്ടാകണമെന്നാണ് സബ്മിഷനിലൂടെ ഉന്നയിക്കുന്നത്.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഇവിടെ സൂചിപ്പിച്ച പ്രശ്നം വളരെ ഗൗരവമായതാണെന്ന് മാത്രമല്ല അതിന്റെ നടപടിക്രമങ്ങൾ കുറേയേറെ മുന്നോട്ടുപോയതുമാണ്. ബഹുമാനപ്പെട്ട ശ്രീ. പ്രമോദ് നാരായൺ എം.എൽ.എ. ഇവിടെ സൂചിപ്പിച്ച എല്ലാ വസ്തുതകളും സർക്കാരിന് ആ ഗൗരവത്തിൽതന്നെ ബോധ്യപ്പെടുകയും അത് അഡ്മിറ്റ് ചെയ്യുകയും ചെയ്യുകയാണ്. പത്തനംതിട്ട ജില്ലയിലെ മല്ലപ്പള്ളി താലൂക്കിൽ പെരുമ്പെട്ടി വില്ലേജിൽ വനം വകുപ്പ് ജണ്ടകെട്ടി സംരക്ഷിച്ചുവരുന്ന വനഭൂമിക്ക് പുറത്ത് ആറ് പതിറ്റാണ്ടിലേറെ കാലമായി കുടിയേറി പാർത്തിട്ടുള്ള കർഷകർക്ക് പട്ടയം ലഭ്യമാകുന്നത് സംബന്ധിച്ച വിഷയം സർക്കാർ വളരെ ഗൗരവമായിട്ടാണ് കാണുന്നത്. കർഷകർക്ക് എത്രയും വേഗം പട്ടയം നൽകണമെന്നുതന്നെയാണ് സർക്കാരിന്റെ നയം.

കർഷകരുടെ കൈവശത്തിലുള്ള ഭൂമി 31.05.1958-ലെ വനം വകുപ്പിന്റെ നോട്ടിഫിക്കേഷൻ പ്രകാരമുള്ള വനഭൂമിക്ക് പുറത്താണോയെന്നത് സംബന്ധിച്ചാണ് തർക്കം നിലനിന്നിരുന്നത്. ഇത് പരിഹരിക്കാനായി 10.01.2019-ൽ റവന്യൂ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിന്റെ അടിസ്ഥാനത്തിൽ വനം-റവന്യൂ വകുപ്പുകൾ ചേർന്ന് സംയുക്ത സർവ്വേ/ജോയിന്റ് വെരിഫിക്കേഷൻ നടത്താൻ തീരുമാനിക്കുകയും അങ്ങ് ഇവിടെ സൂചിപ്പിച്ചപോലെ 85 ശതമാനം സർവ്വേ നടപടികൾ പൂർത്തീകരിക്കുകയും ചെയ്തു. പ്രസ്തുത സർവ്വേയുടെ അടിസ്ഥാനത്തിൽ പെരുമ്പെട്ടി വില്ലേജിലെ കൈവശക്കാരുടെ ഭൂമി വനഭൂമിക്ക് പുറത്തായി സ്ഥിതിചെയ്യുന്നുവെന്ന് അന്നത്തെ ഡി.എഫ്.ഒ. ഒരു ഇടക്കാല റിപ്പോർട്ട് നൽകിയിരുന്നു. ശേഷിക്കുന്ന സർവ്വേ നടപടികൾക്ക് കോഴിക്കോട് ജില്ലയിലെ മിനി സർവ്വേ ടീമിനെ പ്രത്യേകമായി നിയോഗിച്ച് പൂർത്തീകരിക്കാൻ 2021 ജനുവരി മാസം 22-ാം തീയതി കൂടിയ റവന്യൂ-വനം വകുപ്പുമന്ത്രിമാരുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ തീരുമാനിച്ചിരുന്നു. പ്രസ്തുത ടീം സർവ്വേ നടപടികൾ പൂർത്തീകരിച്ച് അന്തിമ റിപ്പോർട്ട് നൽകുന്ന മുറയ്ക്ക് പട്ടയം വിതരണം ചെയ്യാവുന്നതാണ്. പെരുമ്പെട്ടി

വില്ലേജിലെ കൈവശക്കാരുടെ ഭൂമി വനഭൂമിക്ക് പുറത്താണെന്നുള്ള ഡി.എഫ്.ഒ.-യുടെ ഇടക്കാല റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കൈവശക്കാർക്ക് 1964-ലെ ഭൂപതിവ് ചട്ടപ്രകാരം നിയമാനുസൃതം പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കാനുള്ള സൗകര്യമൊരുക്കാവുന്നതാണ്. പത്തനംതിട്ട ജില്ലയിൽ കഴിഞ്ഞ ദിവസം കളക്ടർ ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥന്മാരുടെ യോഗം ചേർന്നപ്പോൾ ഇതൊരു പ്രധാനപ്പെട്ട വിഷയമായി ഞാൻ തന്നെ ഉന്നയിച്ചിരുന്നു. ഇപ്പോൾ സർവ്വേ നടപടികൾ പൂർത്തീകരിക്കുന്നതിനിടയിൽതന്നെ ഒരു സ്പെഷ്യൽ ടീമിനെ നിയോഗിച്ച് സർവ്വേ നടത്തി 508 കുടുംബങ്ങളുടെ പട്ടയ ഫയൽ തയ്യാറാക്കിയിട്ടുള്ളതാണ്. പട്ടയ ഫയൽ തയ്യാറാക്കലും ഏതാണ്ട് പൂർത്തീകരിച്ചു. അതുകൊണ്ട് ഇവിടെ സൂചിപ്പിച്ചതുപോലെയുള്ള പ്രശ്നങ്ങളുണ്ടെങ്കിലും നിയമപരമായിട്ടുള്ള ചില വസ്തുതകളുള്ളതുകൊണ്ട് മിനി സർവ്വേ ടീം സർവ്വേ പൂർത്തീകരിച്ച് റിപ്പോർട്ട് സമർപ്പിച്ചാലുടൻ പട്ടയ വിതരണം നടത്തുന്നതിനുള്ള നടപടികളുമായി റവന്യൂ വകുപ്പ് മുന്നോട്ടുപോകുമെന്ന് അംഗത്തിന് ഉറപ്പുനൽകുകയാണ്.

5. വന്യമൃഗ ശല്യം

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, പെരുവണ്ണാമൂഴിയിലും പരിസര പ്രദേശങ്ങളിലും വന്യമൃഗ ശല്യം കാരണം വൻതോതിൽ കൃഷിയും സ്വത്തുക്കളും നശിപ്പിക്കപ്പെടുകയാണ്. ആനകൾ കൂട്ടമായി ചില മേഖലകളിൽ പ്രവേശിക്കുന്നു. പ്ലാന്റേഷൻ കോർപ്പറേഷന്റെ കീഴിലുള്ള പേരാമ്പ്ര എസ്റ്റേറ്റിൽ കഴിഞ്ഞ രണ്ടുമൂന്ന് വർഷക്കാലത്തിനിടയിൽ പതിനെട്ടായിരത്തിൽപ്പരം റബ്ബർ മരങ്ങൾ ആനക്കൂട്ടം കയറി നശിപ്പിച്ചിട്ടുള്ളതാണ്. കഴിഞ്ഞ ദിവസം അവിടെയുള്ള കൂത്താളി ജില്ലാ കൃഷി ഫാമിൽ രണ്ട് സ്ത്രീത്തൊഴിലാളികൾ ഒരു ആനയുടെ മുമ്പിൽപ്പെട്ടുപോയി. ഒറ്റയ്ക്കുള്ള ആനയുടെ ഇറക്കം അപകടകരമായ അവസ്ഥയാണുണ്ടാക്കുന്നത്. തൊഴിലാളികൾക്കും കൃഷിക്കാർക്കും വലിയ തോതിലുള്ള ഭീതി നിലനിന്നുവരികയാണ്. പെരുവണ്ണാമൂഴി, ചെമ്പനോട, പൂഴിത്തോട്, മുതുകാട്, ചെങ്കോട്ടക്കൊല്ലി, കൂവപ്പൊയിൽ എന്നീ പ്രദേശങ്ങളിലെല്ലാം വന്യമൃഗങ്ങൾ പ്രവേശിച്ച് വലിയതോതിൽ കൃഷി നശിപ്പിച്ചിട്ടുണ്ട്. ആന, പന്നി, കുരങ്ങ് തുടങ്ങിയ വിവിധ വിഭാഗങ്ങളാണ് കൃഷി നശിപ്പിച്ചുകൊണ്ടിരിക്കുന്നത്. ആനയുടെ വരവിനെ തടയാൻ

ചക്കിട്ടപ്പാറ പഞ്ചായത്തിൽ 34 കി.മീ. നീളത്തിൽ ഫോറസ്റ്റിന്റെ അതിർത്തിയിൽ ആന മതിൽ കെട്ടണമെന്നുള്ള ഒരു പ്രധാനപ്പെട്ട ആവശ്യം കൃഷിക്കാരുടെ ഇടയിൽ വലിയ തോതിൽ ഉയർന്നുവരികയാണ്. വന്യമൃഗ ശല്യം എങ്ങനെ തടയാൻ കഴിയുമെന്നതിനെ സംബന്ധിച്ച് ഗൗരവമായ പരിശോധന നടത്തി പരിഹാര മാർഗ്ഗമുണ്ടാക്കേണ്ടതുണ്ടെന്നതാണ് പ്രശ്നം. ചില കാര്യങ്ങൾ ഇപ്പോൾതന്നെ വനം വകുപ്പിന് ചെയ്യാൻ കഴിയുന്നതാണ്. പ്രധാനപ്പെട്ട കേന്ദ്രങ്ങൾ കഴിയാവുന്നത്ര കണ്ടെത്തി അവിടെ വനം വകുപ്പുവഴി വനസംരക്ഷണ സമിതിയുടെ വാച്ചർമാരെ നിയമിക്കാൻ സാധിക്കും. ഇത് ജനങ്ങൾക്ക് ആശ്വാസം പകരുന്ന കാര്യമായിരിക്കും. അത്തരം ചില നിലപാടുകൾ സ്വീകരിക്കേണ്ടതുണ്ട്. ജില്ലയിലെ മലയോര മേഖലകളിലെല്ലാം ഇതുപോലെയുള്ള പ്രശ്നങ്ങൾ ഉയർന്നുവന്നിട്ടുണ്ട്. ഈ കാര്യങ്ങളെല്ലാം പരിഗണിച്ച് എങ്ങനെ ഇതിന് പ്രായോഗികമായ പരിഹാരമുണ്ടാക്കാൻ സാധിക്കും, വന്യമൃഗത്തിന്റെ വരവിനെ എങ്ങനെ തടഞ്ഞുനിർത്താൻ സാധിക്കും, കൃഷി എങ്ങനെ സംരക്ഷിക്കാൻ കഴിയും എന്നത് സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരെ വച്ച് ആലോചന നടത്തണം. നഷ്ടപ്പെട്ട കൃഷിക്ക് അർഹമായ നഷ്ടപരിഹാരം

നൽകുന്നതിനുവേണ്ടിയുള്ള നടപടികളും സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, പേരാമ്പ്ര എം.എൽ.എ. ബഹുമാന്യനായ ടി. പി. രാമകൃഷ്ണൻ വനാതിർത്തികളുമായി ബന്ധപ്പെട്ട് കർഷകരും അതിന്റെ ഭാഗമായി ജനപ്രതിനിധികളും അനുഭവിക്കുന്ന പ്രയാസങ്ങളെക്കുറിച്ചാണ് സബ്മിഷനിലൂടെ ഉന്നയിച്ചിട്ടുള്ളത്. കോഴിക്കോട് വനം ഡിവിഷനിലെ പെരുവണ്ണാമൂഴി ഫോറസ്റ്റ് റേഞ്ചിന്റെ പരിധിയിലാണ് എം.എൽ.എ. പറയുന്ന പ്രദേശങ്ങൾ. മലബാർ വന്യജീവി സങ്കേതം ഈ പ്രദേശത്തോട് ചേർന്ന് സ്ഥിതി ചെയ്യുന്നത് വന്യമൃഗങ്ങളുടെ ആക്രമണ സാധ്യതയിലേയ്ക്കുള്ള ചൂണ്ടുവിരലാണ്. എം.എൽ.എ. സൂചിപ്പിച്ചതുപോലെ, പ്ലാന്റേഷൻ കോർപ്പറേഷന്റെ കൃഷി ചെയ്യാതെ കാടായി കിടക്കുന്ന ഭൂമിയും ഈ പ്രശ്നത്തിന്റെ കാരണമായി കണക്കാക്കുന്നുണ്ട്. ഇതിന്റെ ഫലമായി മനുഷ്യ-വന്യജീവി സംഘർഷങ്ങൾ ലഘൂകരിക്കുന്നതിനുള്ള പ്രവർത്തനം കാര്യക്ഷമമാക്കാൻ ഈ സ്ഥലങ്ങൾ ഉൾക്കൊള്ളുന്ന ചക്കിട്ടപ്പാറ ഗ്രാമപഞ്ചായത്തിൽ ജനജാഗ്രതാ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. നിലവിൽ

29 കിലോമീറ്റർ സോളാർ ഫെൻസിംഗ് ഈ പ്രദേശത്ത് പ്രവർത്തനസജ്ജമാണ്. വന്യമൃഗശല്യം രൂക്ഷമായ സ്ഥലങ്ങളിൽ കൃഷി സ്ഥലങ്ങളിലേയ്ക്കെത്തുന്ന ആനകളെ കാട്ടിലേയ്ക്ക് തിരിച്ചയയ്ക്കുന്നതിനായി ഇരുപത് വാച്ചർമാരെ നിയോഗിച്ചിട്ടുണ്ട്. താമരശ്ശേരി കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന റാപ്പിഡ് റെസ്പോൺസ് ടീമിന്റെ സേവനവും ഈ പ്രദേശങ്ങളിൽ ഉപയോഗപ്പെടുത്തുന്നുണ്ട്. ജനങ്ങളുടെ ജീവനും കൃഷിക്കും ഭീഷണിയാകുന്ന കാട്ടുപന്നികളെ കൊല്ലാനുള്ള സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഈ മേഖലയിൽ നൂറ്റിയൻപതോളം വ്യക്തികൾക്ക് അനുവാദം നൽകുകയും ലൈസൻസുള്ള തോക്ക് കൈവശമുള്ള നാലുപേരെ കാട്ടുപന്നി നിർമ്മാർജ്ജനത്തിനായി എംപാനൽ ചെയ്യുകയും ചെയ്തിട്ടുണ്ട്. ഇതുവരെ ഈ റേഞ്ചിനുകീഴിൽ നാലോളം കാട്ടുപന്നികളെ കൊന്നിട്ടുണ്ട്. തകരാറിലാകുന്ന സോളാർ ഫെൻസിംഗിന് അതാത് സമയങ്ങളിൽ അറ്റകുറ്റപ്പണികൾ ചെയ്യുന്നുണ്ട്. കൂടാതെ, മൂന്ന് കിലോമീറ്റർ സോളാർ ഫെൻസിംഗ് ഈ വർഷം സ്ഥാപിക്കുന്നുണ്ട്. ബഹുമാനപ്പെട്ട ഹൈക്കോടതിയിൽനിന്നും കഴിഞ്ഞ ദിവസം കാട്ടുപന്നികളെ വെടിവച്ച് കൊല്ലുന്നതുമായി ബന്ധപ്പെട്ട ഉത്തരവ് വന്നിട്ടുണ്ട്. ആ ഉത്തരവിന്റെ

പ്രയോജനം പരാതിക്കാരായ ആറുപേർക്കുമാത്രമാണ് ലഭിക്കുന്നത്. മറ്റുപ്രദേശങ്ങളിലേയ്ക്കും ആ ഉത്തരവിന്റെ പ്രയോജനം ലഭ്യമാക്കാൻ കഴിയുമോയെന്ന് സർക്കാർ പരിശോധിച്ചുവരികയാണ്. ഈ പ്രശ്നത്തിൽ, സ്ഥലം എം.എൽ.എ.ആയ ശ്രീ. ടി. പി. രാമകൃഷ്ണൻ ഫലപ്രദമായ ഇടപെടലാണ് നടത്തുന്നത്. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ അവിടെ ഉന്നത ഉദ്യോഗസ്ഥൻമാരെ വിളിച്ചുചേർത്ത് ആലോചനയോഗം നടത്തിയിട്ടുണ്ട്. വാച്ചർമാരെ അധികമായി നിയമിക്കാനും തോക്കിനുള്ള ലൈസൻസ് നൽകാനും ആ യോഗത്തിൽ നിർദ്ദേശിച്ചിരുന്നു. അതുസംബന്ധിച്ച നടപടികൾ സ്വീകരിച്ചുവരികയാണ്. വന്യജീവി ആക്രമണംമൂലമുള്ള നാശനഷ്ടങ്ങൾക്കും ജീവഹാനിക്കുമുള്ള നഷ്ടപരിഹാരമായി ഈ മേഖലയിൽ കഴിഞ്ഞ മൂന്ന് വർഷങ്ങളായി 25,48,373/- രൂപ അനുവദിച്ചിട്ടുണ്ട്. ഇനിയും നഷ്ടപരിഹാരത്തുക നൽകാനുള്ള അപേക്ഷകൾ ബാക്കിയുണ്ട്. ഇരുപത് ലക്ഷം രൂപകൂടി ലഭിച്ചാലേ ആ പ്രദേശത്തെ നഷ്ടപരിഹാരത്തുക നൽകാൻ സാധിക്കുകയുള്ളൂ. അത് ലഭ്യമാക്കുന്നതിനുള്ള ശ്രമങ്ങൾ ധനകാര്യ വകുപ്പുമായി ബന്ധപ്പെട്ട് നടത്തിക്കൊണ്ടിരിക്കുന്നു. ഫണ്ട് ലഭിക്കുമെന്ന പ്രതീക്ഷയാണ് വനം

വകുപ്പിനുള്ളത്. അങ്ങനെ ഫണ്ട് ലഭിക്കുന്നമുറയ്ക്ക് എത്രയുംവേഗം നഷ്ടപരിഹാരത്തുക നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കും. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി സംസ്ഥാനത്തിന്റെ മുഴുവൻ വനമേഖലയുമായി ബന്ധപ്പെട്ട് ഒരു ബൃഹത് പദ്ധതി രൂപീകരിക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർദ്ദേശിച്ചിട്ടുണ്ട്. ആ പദ്ധതി പ്രാവർത്തികമാകുമ്പോൾ ഘട്ടംഘട്ടമായി വനമേഖലയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ബഹുമാനപ്പെട്ട എം.എൽ.എ. നിർദ്ദേശിച്ചതുപോലെ, കോഴിക്കോട് ജില്ലയിലെ വനമേഖലയുമായി ബന്ധപ്പെട്ട ഇത്തരം ഗുരുതരമായ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനായി ബന്ധപ്പെട്ട എം.എൽ.എ.-മാരുടെയും ഉയർന്ന ഉദ്യോഗസ്ഥരുടെയും യോഗം ആഗസ്റ്റ് മാസം 5-ന് 12.00 മണിക്ക് വിളിച്ചുചേർക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്.

## 6. ചെളി നീക്കം ചെയ്യൽ

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: സർ, കോഴിക്കോട് നഗരത്തിലെ വെള്ളക്കെട്ട് ഒഴിവാക്കുന്നതിനായി കല്ലായിപ്പുഴയിലെ ചെളി നീക്കം ചെയ്യുന്നത് സംബന്ധിച്ചുള്ള സബ്മിഷനാണ് ഉന്നയിക്കുന്നത്. കോഴിക്കോട്

നഗരത്തിന്റെ ഹൃദയഭാഗമായിട്ടുള്ള മാവൂർ റോഡ് എന്നറിയപ്പെടുന്ന ഇന്ദിരാഗാന്ധി റോഡിലാണ് കോർപ്പറേഷന്റെ ബസ്സ്റ്റാന്റും പ്രധാനപ്പെട്ട വാണിജ്യകേന്ദ്രവും സ്ഥിതി ചെയ്യുന്നത്. ശക്തമായ മഴ പെയ്താൽ ആ പ്രദേശം മുഴുവൻ വെള്ളം കയറുന്ന അവസ്ഥയാണ് നിലവിലുള്ളത്. കനോലി കനാലിലൂടെയാണ് വെള്ളം സുഗമമായി ഒഴുകിപ്പോകേണ്ടത്. നഗരത്തെ രണ്ടായി മുറിച്ചുകൊണ്ട് 11.2 കിലോമീറ്റർ നീളത്തിലാണ് കനോലി കനാൽ നിലനിൽക്കുന്നത്. അതിനാൽ കനോലി കനാലിന്റെ ആഴം കൂട്ടുകയും കല്ലായിപ്പുഴയിലെ ചെളിനീക്കം ചെയ്ത് അതിന്റെ ഒഴുക്ക് സുഗമമാക്കുകയും ചെയ്താൽ മാത്രമേ കോഴിക്കോട് നഗരത്തിലെ വെള്ളക്കെട്ട് ഒഴിവാക്കുന്നതിനുള്ള പരിഹാരമുണ്ടാകുകയുള്ളൂ. പതിറ്റാണ്ടുകളായിട്ടുള്ള ചെളിയാണ് കല്ലായിപ്പുഴയിൽ അടിഞ്ഞുകൂടിയിരിക്കുന്നത്. കല്ലായിപ്പുഴ ഉയരത്തിലും കനോലി കനാൽ താഴെയുമായാണ് സ്ഥിതി ചെയ്യുന്നത്. അതിനാൽ അതിന് മുകളിൽ പതിക്കുന്ന വെള്ളംമാത്രമേ ഒഴുകിപോകുന്നുള്ളൂ. ഒരു പ്രധാന ജലനിർഗ്ഗമന മാർഗ്ഗമാണ് കനോലി കനാൽ. അതിലൂടെ ജലം ഒഴുകിപ്പോകുന്നില്ലായെന്നത് മാത്രമല്ല, കനോലി കനാലിലൂടെ വരുന്ന വെള്ളംകൂടി നഗരത്തിലേയ്ക്ക് കയറുന്ന അവസ്ഥയാണ് നിലവിലുള്ളത്. എന്റെ

മണ്ഡലത്തില്ല, ബഹുമാനപ്പെട്ട മന്ത്രി അഹമ്മദ് ദേവർകോവിലിന്റെ മണ്ഡലത്തിലാണ് കല്ലായിപ്പുഴ സ്ഥിതിചെയ്യുന്നത്. മുമ്പ് ഡോ. എം. കെ. മുനീർ ആയിരുന്നു അവിടത്തെ ജനപ്രതിനിധി. അദ്ദേഹം മന്ത്രിയായിരുന്ന കാലത്ത് കല്ലായിപ്പുഴയിലെ ചെളിനീക്കം ചെയ്യുന്നതിനുവേണ്ടി നാലുകോടി രൂപ വകയിരുത്തിക്കൊണ്ട് ടെണ്ടർ നൽകി. എന്നാൽ കരാറുകാരൻ തുക കുറവാണെന്ന് പറഞ്ഞ് അതിന്റെ പണികൾ നിർത്തിവച്ചതിന്റെ ഭാഗമായി, കഴിഞ്ഞ ഗവൺമെന്റ് അത് ആറുകോടി രൂപയായി വർദ്ധിപ്പിച്ചുവെങ്കിലും അതിന്റെ പ്രവർത്തനങ്ങൾ ചെയ്യാൻ കഴിയുന്നില്ല. അതിന് പ്രധാന തടസ്സമായി നിൽക്കുന്നത് കല്ലായിപ്പുഴയിലെ ചെളി കൊണ്ടുപോയി നിക്ഷേപിക്കാനുള്ള സ്ഥലമില്ലായെന്നുള്ളതാണ്. അത് ഒരുസ്ഥലത്തും നിക്ഷേപിക്കാൻ ആളുകൾ സമ്മതിക്കില്ല. വെള്ളക്കെട്ടുള്ള പ്രദേശത്ത് നിക്ഷേപിച്ചാൽ പരിസ്ഥിതിക്ക് കോട്ടംവരുമെന്നുള്ളതുകൊണ്ട് അതിനും അനുവദിക്കാത്ത അവസ്ഥയുണ്ട്. അതിനുള്ള ഏകമാർഗ്ഗം അത് ആഴക്കടലിൽ കൊണ്ടുപോയി തള്ളുകയെന്നത് മാത്രമാണ്. അതിനുകൂടി ആവശ്യമായ തുക ഉൾപ്പെടുത്തിയാൽ മാത്രമേ ആരെങ്കിലും കരാർ എടുക്കുകയുള്ളൂ. ഡ്രെഡ്ജ് ചെയ്ത് ചെളി നീക്കം ചെയ്താൽ

മാത്രമേ ഇതിന് പരിഹാരമാകുകയുള്ളൂ. കഴിഞ്ഞ ദിവസം കോഴിക്കോട് കോർപ്പറേഷൻ മേയറുടെ നേതൃത്വത്തിൽ ഒരു നിവേദകസംഘം വന്നിരുന്നു. പൊതുമരാമത്ത് വകുപ്പുമന്ത്രിയും ഞാനുംകൂടി മുഖ്യമന്ത്രിയോടും ജലവിഭവ വകുപ്പുമന്ത്രിയോടും ഇക്കാര്യത്തെ സംബന്ധിച്ച് സംസാരിച്ച് നിവേദനം നൽകിയിട്ടുണ്ട്. ഇതൊരു ചെറിയ പ്രശ്നമല്ല, വളരെക്കാലങ്ങളായി പ്രധാനപ്പെട്ട സ്ഥലങ്ങളിലാകെ വലിയതോതിൽ വെള്ളക്കെട്ട് ഉണ്ടാകുന്നുണ്ട്. അതുപോലെ കല്ലായിപ്പുഴയ്ക്ക് ഒരു പ്രത്യേകത കൂടിയുണ്ട്. ഏറ്റവും വലിയ മരവ്യവസായ കേന്ദ്രമായിരുന്നു കല്ലായിയെന്നത് നമുക്കറിയാമല്ലോ. ലോകത്തിലെ രണ്ടാമത്തെ മരവ്യവസായ കേന്ദ്രമായിരുന്നു അത്. എന്നാൽ ഇന്ന് അതെല്ലാം നശിച്ചുപോയെങ്കിലും കുറച്ച് മരങ്ങൾ ഇവിടെയുണ്ട്. മരം ഉപ്പുവെള്ളത്തിലിട്ടാൽ മാത്രമേ അതിന്റെ സീസണിംഗ് ശരിയാകുകയുള്ളൂയെന്ന് നമുക്കെല്ലാം അറിയാം. അതിന്റെ ഏറ്റവും വലിയ കേന്ദ്രമായ കല്ലായിയിൽ കുറെ തടി വ്യവസായമില്ലുകൾ പ്രവർത്തിക്കുന്നുണ്ട്. ചെളി നീക്കുമ്പോൾ അക്കാര്യംകൂടി ശ്രദ്ധിക്കേണ്ടതാണ്. കാരണം തീരെ അതിനെ ഒഴിവാക്കിക്കൊണ്ട് മുന്നോട്ടുപോകാൻ സാധിക്കില്ല. കല്ലായിപ്പുഴയിൽ ധാരാളം കയ്യേറ്റങ്ങളുണ്ട്,

അതുസംബന്ധിച്ച് വലിയ പരാതികളും പ്രശ്നങ്ങളുമുള്ളതാണ്, അത് നീക്കംചെയ്യുകയും വേണം. റിവർ മാനേജ്മെന്റിൽ ധാരാളം പണമുണ്ട്. കോഴിക്കോട് കോർപ്പറേഷൻ ഏഴരക്കോടി രൂപ അതിനായി നീക്കിവച്ചിട്ടുണ്ട്. എന്നാൽ അതിനുള്ള നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. അതുകൊണ്ട് എത്രയുംവേഗം ഇതിന്റെ എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് ഈ പ്രശ്നങ്ങൾകൂടി ഉൾപ്പെടുത്തിക്കൊണ്ട് പ്രവർത്തനങ്ങൾ നടത്തിയാൽ മാത്രമേ നഗരത്തെ വെള്ളക്കെട്ടിൽനിന്നും രക്ഷപ്പെടുത്താൻ സാധിക്കുകയുള്ളൂ. അതാണ് ഞാൻ ഈ സബ്മിഷനിലൂടെ ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുന്നത്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, ബഹുമാന്യനായ എം.എൽ.എ. തോട്ടത്തിൽ രവീന്ദ്രൻ ഇവിടെ സൂചിപ്പിച്ചത് വളരെ പ്രസക്തമായ വിഷയമാണ്. കോഴിക്കോട് ജില്ലയിൽ ചെറുകുളത്തൂർ വില്ലേജിൽനിന്ന് ഉത്ഭവിച്ച് കോഴിക്കോട് കോർപ്പറേഷനിലൂടെ ഒഴുകി അറബിക്കടലിൽ ചേരുന്ന 22 കിലോമീറ്റർ ദൈർഘ്യമുള്ള പുഴയാണ് കല്ലായിപ്പുഴ. വർഷങ്ങളായി ചെളിയും മാലിന്യങ്ങളും അടിഞ്ഞുകൂടി ഒഴുക്ക് തടസ്സപ്പെട്ട അവസ്ഥയാണ് നിലവിലുള്ളത്. വർഷകാലത്ത് കോഴിക്കോട്

നഗരത്തിൽ വെള്ളപ്പൊക്ക ദുരിതം അനുഭവിക്കേണ്ടിവരുന്നു. നഗരഹൃദയത്തിലൂടെ കടന്നുപോകുന്ന കനോലി കനാലും ഈ പുഴയിലാണ് വന്നുചേരുന്നത്. 2018-19 കാലയളവിലുണ്ടായ പ്രളയത്തിൽ കോഴിക്കോട് നഗരത്തിലുണ്ടായ വലിയ വെള്ളപ്പൊക്കത്തിനുകാരണം കല്ലായിപ്പുഴയിൽ അടിഞ്ഞുകൂടിയ മാലിന്യനിക്ഷേപമാണ്. ഇതിനുപരിഹാരമായി കല്ലായിപ്പുഴയിൽ കടുപ്പിനി മുതൽ കോതി വരെ 4.20 കിലോമീറ്റർ ദൂരത്തിൽ ചെളിയും മറ്റ് മാലിന്യങ്ങളും നീക്കി ഒഴുക്ക് സുഗമമാക്കുന്നതിനായി കോഴിക്കോട് കോർപ്പറേഷൻ 7.50 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പ്രവൃത്തി ഡിപ്പോസിറ്റ് വർക്കായി ചെയ്യുന്നതിന് ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിനെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. 2021 മാർച്ച് 5-ാം തീയതി പ്രസ്തുത തുക ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിലേയ്ക്ക് ഡിപ്പോസിറ്റ് ചെയ്തിട്ടുണ്ട്. നിലവിൽ എം.എൽ.എ. സൂചിപ്പിച്ചതുപോലെ, മണലും മണ്ണും ചെളിയും തടിയുടെ അവശിഷ്ടവും ഡ്രെഡ്ജ് ചെയ്ത് ഉപയോഗ ശൂന്യമായവ എവിടെ നിക്ഷേപിക്കുമെന്നുള്ളതായിരുന്നു പ്രധാനപ്പെട്ട തടസ്സം. ആ പ്രശ്നം പരിഹരിക്കുന്നതിനുള്ള തയ്യാറെടുപ്പുകൾ കോർപ്പറേഷൻ പൂർത്തീകരിച്ചിട്ടുണ്ട്. 26-7-2021-ൽ ബഹുമാന്യനായ പൊതുമരാമത്ത്

വകുപ്പുമന്ത്രിയും പ്രിയപ്പെട്ട എം.എൽ.എ.-യും കോഴിക്കോട് കോർപ്പറേഷൻ മേയറായ ഡോ. ബീനാ ഫിലിപ്പും ഡെപ്യൂട്ടി മേയർ ശ്രീ. മുസാഫർ അഹമ്മദും അടങ്ങുന്ന സംഘം ഇവിടെ വരികയും മന്ത്രി എന്ന നിലയിൽ ഞാനും ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുമായും കൂടിക്കാഴ്ച നടത്തുകയും ചെയ്തു. നിലവിൽ തയ്യാറാക്കിയിട്ടുള്ള എസ്റ്റിമേറ്റ് ഇറിഗേഷൻ വകുപ്പ് സാങ്കേതികമായി പുനഃപരിശോധിച്ച് സാങ്കേതികാനുമതി നൽകി പ്രവൃത്തി അടിയന്തരമായി നടപ്പിലാക്കുന്നതായിരിക്കും. ഡ്രെഡ്ജ് ചെയ്ത് ലഭിക്കുന്ന ചെളിയിലെ മണൽ നിർമ്മാണ പ്രവർത്തനങ്ങൾക്കും ക്ലേ ഇഷ്ടിക നിർമ്മാണത്തിനും മറ്റ് അവശിഷ്ടങ്ങൾ ഫില്ലിംഗിനായും ഉപയോഗിക്കാമെന്നാണ് കണ്ടെത്തിയിട്ടുള്ളത്. ഇതുസംബന്ധിച്ച ഭരണ നടപടികൾ സ്വീകരിക്കാൻ സൂപ്രണ്ടിംഗ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. വെള്ളപ്പൊക്കമുണ്ടാകുന്ന സാഹചര്യങ്ങളിൽ പ്രധാനപ്പെട്ട നഗരങ്ങൾ വെള്ളത്തിനടിയിലാകുകയാണ്. തലസ്ഥാന നഗരിയായ തിരുവനന്തപുരം അതിലൊരു പ്രധാനപ്പെട്ട സ്ഥലമാണ്. ആമയിഴഞ്ചാൻ തോട് ക്രമീകരിക്കുന്നതിനാവശ്യമായ 25 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കോഴിക്കോട് നഗരത്തിലും ഇതുതന്നെയാണ്

സ്ഥിതി. എം.എൽ.എ. സൂചിപ്പിച്ചതുപോലെ, മറ്റ് ഇതര ഫണ്ടുകൾക്കൂടി കണ്ടെത്തി മെയിൻ ടൗൺഷിപ്പുകളെയും അതോടൊപ്പം ജനവാസം കൂടുതലുള്ള മേഖലയെയും സംരക്ഷിക്കുന്നതിനുള്ള ഉത്തരവാദിത്തവും ഡിപ്പാർട്ട്മെന്റ് ഏറ്റെടുക്കുന്നുണ്ട്. പ്രസ്തുത നിലയിൽ ഗൗരവപൂർവ്വമായ സമീപനം സ്വീകരിക്കും. ഈ വിഷയം അടിയന്തരമായി പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ കൈക്കൊള്ളുന്നതാണ്.

7. <u>യന്ത്രം വാങ്ങാൻ നടപടി</u>

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, എന്റെ നിയോജകമണ്ഡലത്തിലെ ശുദ്ധജലതടാകമാണ് വെള്ളായണി കായൽ. ഏകദേശം ഒരു ലക്ഷത്തോളം ആളുകൾക്ക് കുടിവെള്ളം കൊടുക്കുന്ന 22 എം.എൽ.ഡി. പ്ലാന്റും മൂന്നര എം.എൽ.ഡി. പ്ലാന്റുമടക്കം രണ്ട് കുടിവെള്ള പദ്ധതികളുടെ സ്രോതസ്സായ വെള്ളായണി കായൽ പായൽ മൂടിക്കിടക്കുകയാണ്. പായൽ അഴുകി വെള്ളം കട്ടികൂടുകയും പലപ്പോഴും ചുവന്ന പുഴുക്കൾ പൈപ്പിലൂടെ വെള്ളത്തിൽ വരികയും ആളുകൾക്ക് കുടിക്കാൻ പറ്റാത്ത സ്ഥിതി വിശേഷം, പ്രത്യേകിച്ച് വേനൽക്കാലങ്ങളിലുണ്ടാകുകയും ചെയ്യുന്നു. പ്രസ്തുത പശ്ചാത്തലത്തിൽ സ്വസ്തി ഫൗണ്ടേഷൻ എന്ന സന്നദ്ധ സംഘടന കായലിലെ പായൽ

നീക്കാനുള്ള ശ്രമങ്ങളുമായി വരികയും ഒന്നര വർഷത്തിനകം ഏകദേശം 600 ലോഡ് പായൽ നീക്കിയിട്ടുമുണ്ട്. വവ്വാമൂല ഭാഗത്തെ പായൽ ഏകദേശം മാറ്റിയിട്ടുണ്ട്. കോവിഡ് കാരണം അതിന്റെ പ്രവർത്തനങ്ങൾ നിർത്തിവച്ചിരിക്കുകയാണ്. പായൽ വാരുന്നതിനുള്ള ഡീവീഡിംഗ് മെഷീനുകളുടെ അഭാവമാണ് പ്രധാനപ്പെട്ട പ്രശ്നം. വലിയ തുക കൊടുത്ത് മെഷീൻ വാടകയ്ക്കാണ് എടുത്തുകൊണ്ടിരുന്നത്. ജലസേചന വകുപ്പിന്റെ ഒരു ഡീവീഡിംഗ് മെഷീൻ കൊണ്ടുവന്നെങ്കിലും എല്ലാ ദിവസവും മെഷീൻ തകരാറിലാകുന്നതിനാൽ ജോലി നടക്കുന്നില്ല. കുടിവെള്ള സ്രോതസ്സ് എന്ന നിലയിൽ സ്ഥിരമായി അവിടെ പായൽ നീക്കം ചെയ്യുന്നതിനുവേണ്ടിയുള്ള സംവിധാനം ഏർപ്പെടുത്തണം. ജലസേചന വകുപ്പുതന്നെ പുതിയ ഡീവീഡിംഗ് മെഷീൻ വാങ്ങി പായൽ നീക്കം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണം. എല്ലാ ദിവസവുമുണ്ടാകുന്ന ആവർത്തന ചെലവ് സ്വസ്തി ഫൗണ്ടേഷൻ ഏറ്റെടുക്കാമെന്ന് അറിയിച്ചിട്ടുണ്ട്. അതല്ലെങ്കിൽ ജലസേചന വകുപ്പിന്റെ നേതൃത്വത്തിൽതന്നെ ഈ നടപടി സ്വീകരിക്കണം. ഒരു ലക്ഷത്തോളം ആളുകളുടെ കുടിവെള്ള പ്രശ്നവുമായി ബന്ധപ്പെട്ട

വിഷയമെന്നുള്ള നിലയ്ക്ക് പുതിയ ഡീവീഡിംഗ് മെഷീൻ വാങ്ങി പായൽ വാരുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നുള്ളതാണ് എന്റെ സബ്മിഷൻ.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, ബഹുമാനപ്പെട്ട അംഗം എം. വിൻസെന്റ് ഉന്നയിച്ച വിഷയം ഞങ്ങൾ പൂർണ്ണമായും പരിശോധിച്ചു. നിലവിലുള്ള വാഹനം ഉപയോഗിച്ച് നടത്തിവന്ന പ്രവൃത്തികൾകൊണ്ട് മാത്രം ആ പ്രശ്നം പരിഹരിക്കാവുന്നതല്ല. എന്നാൽ സ്വസ്തി ഫൗണ്ടേഷന്റെ സാമ്പത്തിക സഹായത്തോടെ നടത്തിവന്ന പ്രവർത്തനങ്ങളെക്കുറിച്ച് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. വെള്ളായണി, അരുവിക്കര എന്നിവ ശുദ്ധജല തടാകങ്ങളാണ്. അവിടെനിന്നാണ് ഏറ്റവും കൂടുതൽ ജലം വിതരണത്തിനായി ഉപയോഗിക്കുന്നത്. കായൽ സംരക്ഷിക്കപ്പെടണമെന്ന ആവശ്യം ഏറ്റവും കൂടുതൽ ശ്രദ്ധിക്കേണ്ടത് തന്നെയാണ്. അതുകൊണ്ട് ഇക്കാര്യത്തിൽ ഗൗരവപൂർണ്ണമായ സമീപനം സ്വീകരിക്കും. വാഹനം വാങ്ങുന്നതിനെക്കുറിച്ച് ചിന്തിച്ചു. ഈ വാഹനത്തിന്റെ വില ഏകദേശം ഒരു കോടി രൂപയ്ക്കടുത്തുവരും. അതുകൊണ്ടുമാത്രം പ്രശ്നം പരിഹരിക്കുമോയെന്നുള്ളതും ഒരു തടസ്സമായിത്തന്നെയാണ് കാണുന്നത്. അതിന്റെ മെയിന്റനൻസ് എങ്ങനെ

ചെയ്യാൻ കഴിയും; സാങ്കേതികമായ തടസ്സങ്ങൾ ചിലപ്പോൾ നേരിടാം. പക്ഷേ ഒരു കാര്യം നമുക്ക് ഉറപ്പിച്ച് പറയാൻ സാധിക്കും. ശുദ്ധജല തടാകമെന്ന നിലയിൽ കുടിവെള്ള വിതരണത്തിനുവേണ്ടി ഉപയോഗിക്കപ്പെടുന്ന മേഖലയിലെ ഈ വിഷയം പരിഹരിക്കപ്പെടേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെടുത്തി ഏത് വിധേനയാണെങ്കിലും കൃത്യമായ മോണിറ്ററിംഗ് നടത്താനും പായൽ നീക്കം ചെയ്യാനും ആവശ്യമായ നടപടി സ്വീകരിക്കും. അതിനായി ബന്ധപ്പെട്ട എ.ഇ.-യെ പ്രത്യേകമായി ചുമതലപ്പെടുത്തി മോണിറ്ററിംഗ് നടത്തി ആവശ്യമായ എല്ലാ നടപടികളും ഇന്നുമുതൽ അവിടെ ചെയ്യുന്നതിനുള്ള സജ്ജീകരണങ്ങൾ പൂർത്തികരിച്ച് ആ മേഖലയിലെ പ്രശ്നം പരിഹരിക്കും.

## 8. വിലയിടിവ്

ശ്രീ. പി. ടി. തോമസ്: സർ, നമ്മുടെ സംസ്ഥാനത്തെ കർഷകർ വലിയ ദുരിതത്തിലാണ്. പ്രകൃതിക്ഷോഭവും കാർഷിക വിളകളുടെ വിലയിടിവും നിരന്തരമായി ബാധിക്കുന്ന നിരവധി കീടബാധ രോഗങ്ങളും കാരണം കർഷകർ വലിയ പ്രയാസം നേരിടുകയാണ്. വിളവെടുപ്പ് കാലത്ത് വിള ഗണ്യമായി കുറയുന്നതുമൂലം കർഷകർ വലിയ പ്രതിസന്ധി നേരിടുകയാണ്.

സംസ്ഥാനത്ത് ഒരു കാർഷിക കമ്മീഷനെ നിയമിക്കണമെന്ന ആവശ്യം ഇന്ന് കേരളത്തിലെമ്പാടും വളരെ സജീവമാണ്. ഓരോ ജില്ലയിലും വിവിധങ്ങളായ പ്രശ്നങ്ങളാണ് കർഷകർ നേരിടുന്നത്. എല്ലാ വാതിലുകളും അടഞ്ഞ് ജീവിതം വഴിമുട്ടി ആത്മഹത്യയിൽ അഭയം പ്രാപിക്കേണ്ട ഗതികേടിലാണ് നമ്മുടെ നാട്ടിലെ കർഷകർ. കാർഷിക മേഖലയാകെ ദുരിതത്തിലാണ്. കർഷകരെ മനസ്സറിഞ്ഞ് സഹായിക്കുന്നതിനായി എല്ലാ കൃഷിക്കാരുടെയും അക്കൗണ്ടിൽ പണമെത്തിക്കാൻ കഴിയുമോയെന്ന കാര്യം ഗവൺമെന്റ് ഗൗരവതരമായി ആലോചിക്കണം. ലോകത്തിൽ കുരുമുളക് ഉൽപ്പാദനത്തിൽ 8.1 ശതമാനം സംഭാവനയോടെ ഇന്ത്യ നാലാമതാണ്. കാലാവസ്ഥാ വ്യതിയാനവും കീടബാധയും ഏറ്റവും കൂടുതൽ ബാധിക്കുന്നത് കുരുമുളക് കർഷകരെയാണ്. ദ്രുതവാട്ടം എന്ന രോഗം ഇല്ലാതാക്കാൻ ശാസ്ത്രലോകത്തിന് ഇതുവരെ കഴിഞ്ഞിട്ടില്ല. അഞ്ച് വർഷം മുൻപ് ഒരു കിലോ കുരുമുളകിന് 700 രൂപയുണ്ടായിരുന്നത് ഇന്ന് 339 രൂപയായി കുറഞ്ഞിരിക്കുകയാണ്. കുരുമുളക് കൃഷിക്കാരെല്ലാം നട്ടംതിരിയുകയാണ്. കുരുമുളകിന്റെ വിലയിടിവ് തടയാൻ ശക്തമായ നടപടി വേണം. ഏലത്തിന്റെ സ്ഥിതിയും സമാനമാണ്. ഏലത്തിന് ഒരു കിലോയ്ക്ക് 4,000/-

രൂപയുണ്ടായിരുന്നത് ഇന്ന് 1,000-1,200 രൂപയായി കുറഞ്ഞിരിക്കുകയാണ്. റീപ്ലാന്റിംഗ് സബ്സിഡി ഏലം കൃഷിക്കാർക്ക് ലഭിക്കുന്നില്ല. ഏലത്തോട്ടത്തിൽ പണിയെടുക്കുന്ന തൊഴിലാളികളിൽ ഭൂരിഭാഗവും തമിഴ്നാട്ടിൽനിന്നുള്ളവരായതിനാൽ കൊറോണ കാരണം അവർക്ക് എത്തിച്ചേരാൻ കഴിയാത്ത സാഹചര്യം ഏറ്റവും കൂടുതൽ ഏലം ഉൽപ്പാദിപ്പിക്കുന്ന ഇടുക്കി ജില്ലയിലുണ്ട്. സ്പൈസസ് ബോർഡിന്റെ നിരവധി ഓഫീസുകൾ അടച്ചുപൂട്ടിയത് പ്രതിസന്ധിക്ക് ആക്കം കൂട്ടിയിരിക്കുകയാണ്. 2012-13-ൽ ഒരു കിലോ റബ്ബറിന് 245 രൂപ വിലയുണ്ടായിരുന്നത് ഇന്ന് 165 രൂപയിൽ താഴെയാണ്. അതിൽ 4 രൂപയോളം മറ്റു ചില രീതിയിൽ നഷ്ടപ്പെട്ട് ബാക്കിയാണ് കർഷകർക്ക് ലഭിക്കുന്നത്. സംഭരണവില 150/- രൂപയിൽനിന്നും 200/- രൂപയാക്കി ഉയർത്തുമെന്ന് ഗവൺമെന്റ് പ്രഖ്യാപിച്ചിരുന്നു. എന്നാൽ ഇതുസംബന്ധിച്ച ഉത്തരവ് ഇതുവരെ ഈ ഗവൺമെന്റ് ഇറക്കിയിട്ടില്ല. സംഭരണവില 150/- രൂപയിൽനിന്നും 200/- രൂപയായി ഉയർത്തുമെന്ന ഗവൺമെന്റിന്റെ വാഗ്ദാനം ഒരു ഉത്തരവിറക്കി അടിയന്തരമായി നടപ്പാക്കണമെന്ന ആവശ്യം ഞാൻ ഉന്നയിക്കുകയാണ്. കർഷക കമ്മീഷൻ രൂപീകരിക്കുന്നതിനെക്കുറിച്ചും കർഷകർക്ക് മാസം

തോറും നിശ്ചിത തുക പണമായി നൽകുന്നതിനെക്കുറിച്ചും ഗൗരവതരമായി ചിന്തിക്കേണ്ട കാലം അതിക്രമിച്ചിരിക്കുകയാണ്. കേരളത്തിന്റെ സമ്പദ്ഘടനയെ ഗുരുതരമായി ബാധിച്ച കൊറോണക്കാലത്ത് നമ്മുടെ നാട്ടിലെ കൃഷിക്കാർ വളരെയധികം പ്രയാസം അനുഭവിക്കുകയാണ്. മുണ്ട് മുറുക്കിയുടുത്ത് പറമ്പിൽ പണിയെടുക്കുന്ന കൃഷിക്കാരുടെ ദീനരോദനം ഈ ഗവൺമെന്റ് കേൾക്കുകയും അവർക്ക് ആശ്വാസം പകരുകയും ചെയ്യണം. എല്ലാ മേഖലയിലും ബാധിച്ചിരിക്കുന്ന പ്രതിസന്ധി അതിനേക്കാൾ ഗുരുതരമായി കാർഷിക മേഖലയിൽ ബാധിച്ചിരിക്കുന്നുവെന്ന വസ്തുത സത്യസന്ധമായി വിലയിരുത്തി അതിന് പരിഹാരമുണ്ടാക്കാൻ നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

കൃഷി വകുപ്പുമന്ത്രി (<u>ശ്രീ. പി. പ്രസാദ്</u>): സർ, ബഹുമാന്യനായ പി. ടി. തോമസ്, എം.എൽ.എ., കാർഷികമേഖലയുമായി ബന്ധപ്പെട്ട ഗൗരവതരമായ ചില കാര്യങ്ങൾ ഉന്നയിക്കുകയുണ്ടായി. പ്രതിസന്ധിയിലായ റബ്ബർ കർഷകരെ സഹായിക്കുന്നതിനായി കേരള സർക്കാർ 2015-2016 മുതൽ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. 01-07-2015 മുതൽ ആരംഭിച്ച പ്രസ്തുത പദ്ധതിയുടെ ആറാം ഘട്ടം

01-07-2020 മുതൽ നടപ്പിലാക്കുന്നു. ധനകാര്യ വകുപ്പും റബ്ബർ ബോർഡും സംയുക്തമായാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതിപ്രകാരം റബ്ബറിന്റെ തറവിലയും റബ്ബർ ബോർഡ് അതത് ദിവസം പ്രസിദ്ധീകരിക്കുന്ന വിലയും തമ്മിലുള്ള വ്യത്യാസം റബ്ബർ ബോർഡ് സാക്ഷ്യപ്പെടുത്തിയ ബില്ലിന്റെ അടിസ്ഥാനത്തിൽ സബ്സിഡിയായി രജിസ്റ്റർചെയ്ത കർഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നൽകുന്നു. ഒരു ഹെക്ടറിന് പ്രതിവർഷം പരമാവധി 1800 കിലോഗ്രാം റബ്ബറിനാണ് ആനുകൂല്യം നൽകുന്നത്. 5 ഹെക്ടറിൽ താഴെ കൃഷിഭൂമിയുള്ള കർഷകർക്ക് പരമാവധി 2 ഹെക്ടറിനാണ് ഈ തുക നൽകുന്നത്. 2021 ഏപ്രിൽ ഒന്നുമുതൽ RPIS (Rubber Production Incentive Scheme) ആയി നൽകുന്ന തറവില 150 രൂപയിൽനിന്നും 170 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. പദ്ധതിപ്രകാരം കേരളത്തിന്റെ റബ്ബർ കൃഷിക്കാർക്ക് നൽകിയ സഹായങ്ങൾ, 2015-16-ൽ 271.43 കോടി രൂപയും 2016-17-ൽ 411.82 കോടി രൂപയും 2017-18-ൽ 227.47 കോടി രൂപയും 2018-19-ൽ 360.42 കോടി രൂപയും 2019-20-ൽ 219.9 കോടി രൂപയും 2020-21-ൽ 271.62 കോടി രൂപയും പ്രൊഡക്ഷൻ ഇൻസെന്റീവായി നൽകിയിട്ടുണ്ടെന്ന കാര്യംകൂടി ഞാൻ അറിയിക്കുന്നു. 2021-22 വർഷത്തിൽ

ടി പദ്ധതി പ്രകാരം 50 കോടി രൂപ നൽകാനുള്ള സർക്കാർ ഉത്തരവും ആയിട്ടുണ്ട്. കുരുമുളക് കർഷകരെ വിലത്തകർച്ചയിൽനിന്നും രക്ഷിക്കാൻ കുരുമുളകിനെ മിനിമം സപ്പോർട്ട് പ്രൈസ് (MSP) പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുവേണ്ടിയുള്ള പ്രൊപ്പോസൽ 27-07-2020-ലെ എൻ.സി.എ 3/49/2019/അഗ്രി. നമ്പർ കത്തുപ്രകാരം കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. കിലോഗ്രാമിന് 522 രൂപയെങ്കിലും MSP ആയി കർഷകർക്ക് ലഭിക്കണമെന്നാണ് സംസ്ഥാനം കേന്ദ്രത്തോട് ആവശ്യപ്പെട്ടിരിക്കുന്നത്. ഇതുസംബന്ധിച്ചുള്ള തുടർനടപടിയൊന്നും കേന്ദ്രസർക്കാരിൽനിന്നും ലഭ്യമായിട്ടില്ല. കോവിഡ് രോഗവ്യാപന സാഹചര്യത്തിൽ പല കർഷകർക്കും ഏലത്തോട്ടത്തിന്റെ ഒറ്റത്തവണ രജിസ്ട്രേഷനുള്ള അപേക്ഷ യഥാസമയം നൽകാൻ സാധിച്ചിട്ടില്ലായെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടി സാഹചര്യത്തിൽ സ്പൈസസ് ബോർഡ് ആക്ട് 1986-ലെ ചട്ടം 1(8) പ്രകാരം കാർഡമം രജിസ്ട്രേഷനുള്ള അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 2021 മാർച്ച് 31 വരെ ദീർഘിപ്പിച്ചുകൊണ്ട് 20-01-2021-ലെ സർക്കാർ ഉത്തരവ് കൈ.നം.6/20-21/കൃഷി നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. കുരുമുളക്,

ഏലം എന്നിവയുടെ കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിനായി അന്താരാഷ്ട്ര മാനദണ്ഡപ്രകാരം ഗുണമേന്മയുള്ള കുരുമുളക്, ഏലം എന്നിവ ഉല്പാദിപ്പിക്കുവാനും കയറ്റുമതി ചെയ്യാനും സ്പൈസസ് ബോർഡുമായി ചേർന്ന് നടപടികൾ കൈക്കൊള്ളുവാനും വി.എഫ്.പി.സി.കെ. (വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ, കേരളം)-യെ ചുമതലപ്പെടുത്തുന്നതാണ്. കാർഷിക കമ്മീഷനെക്കുറിച്ച് ബഹുമാനപ്പെട്ട അംഗങ്ങൾ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. കേരളത്തിലെ കർഷകർക്ക് സഹായം എത്തിക്കാൻ കഴിയുന്ന സാധ്യമായ എല്ലാ കാര്യങ്ങളും ചെയ്യുന്നതിന് സംസ്ഥാന സർക്കാർ പ്രതിജ്ഞാബദ്ധമാണ്. അക്കാര്യമെല്ലാം പരിശോധിക്കാവുന്നതേയുള്ളൂ.

## 9. ബൈപ്പാസ് നിർമ്മാണം

ശ്രീ. എ. എൻ. ഷംസീർ: സർ, തലശ്ശേരി-മാഹി ബൈപ്പാസിന്റെ നിർമ്മാണം അതിവേഗത്തിൽ നടന്നുകൊണ്ടിരിക്കുകയാണ്. തലശ്ശേരി-മാഹി ബൈപ്പാസിന്റെ പ്രത്യേകത കണ്ണൂർ-കോഴിക്കോട് ജില്ലയെ ബന്ധിപ്പിക്കുന്നുവെന്നുമാത്രമല്ല കേന്ദ്രഭരണ പ്രദേശമായ പോണ്ടിച്ചേരിയിൽ കൂടി ആ ബൈപ്പാസ് കടന്നുപോകുന്നുവെന്നുള്ളതാണ്. ആ ബൈപ്പാസിന്റെ നിർമ്മാണം ഇപ്പോൾ അവസാനത്തെ ഘട്ടത്തിലാണ്. നിർമ്മാണം

പുരോഗതി പ്രാപിച്ച് മുന്നോട്ടുപോകുമ്പോൾ തലശ്ശേരി മുനിസിപ്പാലിറ്റിയേയും ധർമ്മടം പഞ്ചായത്തിനെയും ബന്ധിപ്പിക്കുന്ന ഒരു പാലം, ആ പാലത്തിന്റെ നിർമ്മാണം അവസാന ഘട്ടത്തിലാണ്. 2018-ൽ പ്രളയം വന്നപ്പോൾ ആ പാലത്തിനോടനുബന്ധിച്ച് ജീവിക്കുന്ന പ്രദേശത്തെ ജനങ്ങൾ വെള്ളത്തിനടിയിലായതിന്റെ ഭാഗമായി വലിയ രീതിയിൽ ജനരോഷമുയർന്നതിനെത്തുടർന്ന് 2018-ൽ പി.ഡബ്ല്യൂ.ഡി. ചീഫ് എഞ്ചിനീയർ (ഡിസൈൻസ്) ഒരു ഉത്തരവിറക്കി. ഇത്തരം പാലങ്ങൾ നിർമ്മിക്കുമ്പോൾ പ്രളയവും വെള്ളപ്പൊക്കവും അതിജീവിക്കാൻ പാകമായ നിലയിലായിരിക്കണം നിർമ്മിക്കേണ്ടത്. തലശ്ശേരി മുനിസിപ്പാലിറ്റിയേയും ധർമ്മടത്തേയും ബന്ധിപ്പിക്കുന്ന ഈ പാലത്തിന്റെ നിർമ്മാണ പ്രവർത്തനം അവസാന ഘട്ടത്തിലെത്തിനിൽക്കുമ്പോൾ പി.ഡബ്ല്യൂ.ഡി. ചീഫ് എഞ്ചിനീയർ (ഡിസൈൻസ്)-ന്റെ ഉത്തരവ് കേരളത്തിലുടനീളം നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇൻഡ്യ പാലിക്കുന്നുണ്ടോയെന്ന് ബഹുമാനപ്പെട്ട മന്ത്രി പരിശോധിക്കണം. അതോടൊപ്പം തലശ്ശേരി-മാഹി ബൈപ്പാസ് നിർമ്മാണത്തിൽ ധർമ്മടത്തേയും തലശ്ശേരി മുനിസിപ്പാലിറ്റിയേയും ബന്ധിപ്പിക്കുന്ന ഈ പാലത്തിന്റെ നിർമ്മാണത്തിൽ നാഷണൽ ഹൈവേ

അതോറിറ്റി ഓഫ് ഇൻഡ്യ, പി.ഡബ്ല്യൂ.ഡി. ഉത്തരവ് പാലിക്കുന്നുണ്ടോ എന്ന് പരിശോധിച്ച് തലശ്ശേരി-മാഹി ബൈപ്പാസിന്റെ പ്രവർത്തനം വളരെപ്പെട്ടെന്ന് പൂർത്തീകരിക്കാൻ ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്നും ഇടപെടലുണ്ടാകണമെന്ന് ഞാൻ ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുകയാണ്.

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ഇവിടെ ബഹുമാനപ്പെട്ട തലശ്ശേരി അംഗം ശ്രീ. എ. എൻ. ഷംസീർ ഉന്നയിച്ച വിഷയം പ്രളയത്തെ മറികടക്കുവാൻ കഴിയുംവിധം പാലങ്ങൾ ഉയർത്തി നിർമ്മിക്കണമെന്ന പി.ഡബ്ല്യൂ.ഡി ഡിസൈൻസ് വിഭാഗം ചീഫ് എഞ്ചിനീയറുടെ 10-09-2018-ലെ ഉത്തരവ് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ എത്രത്തോളം നടപ്പാക്കുന്നുണ്ട്; അതിന്റെ എന്ത് ശ്രമമാണ് നടന്നിട്ടുള്ളത് എന്നുള്ളതാണ്. ഇതുസംബന്ധിച്ച് ദേശീയ പാത അതോറിറ്റിയുടെ വിശദീകരണം ചോദിച്ചിരുന്നു. പൊതുമരാമത്ത് ചീഫ് എഞ്ചിനീയർ പുറപ്പെടുവിച്ച 10-09-2018-ലെ സർക്കുലർ പ്രകാരം നടപടി സ്വീകരിക്കുവാൻ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇൻഡ്യ ഉദ്യോഗസ്ഥർക്ക് എൻ.എച്ച്.എ.ഐ. റീജിയണൽ ഓഫീസർ നിർദ്ദേശം

നൽകിയിട്ടുണ്ട്. ഇക്കാര്യം എൻ.എച്ച്.എ.ഐ. അവലോകനം ചെയ്യുകയാണെന്നും അവർ അറിയിക്കുന്നു. വിശദമായ DPR അവാർഡ് ചെയ്ത തലപ്പാടി മുതൽ രാമനാട്ടുകരവരെയുള്ള ദേശീയപാതാ റീച്ചിൽ 2018-ലെ പ്രളയത്തോടനുബന്ധിച്ചുണ്ടായ ഉയർന്ന ജലനിരപ്പനുസരിച്ച് പാലം ഡിസൈൻ ചെയ്യാൻ കൺസ്ട്രക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് എൻ.എച്ച്.എ.ഐ. പ്രോജക്ട് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച തലശ്ശേരി-മാഹി ബൈപ്പാസ് നിർമ്മാണം 2017-ൽ ആരംഭിച്ചതാണ്. 2017-ൽ ആരംഭിച്ച പ്രധാന പാലം നിർമ്മാണം പലതും പൂർത്തീകരണഘട്ടത്തിൽ എത്തിയതായും എൻ.എച്ച്.എ.ഐ. അറിയിക്കുന്നു. ഇതൊരു പ്രധാന വിഷയമാണ്. രണ്ടു ദിവസം മുമ്പ് 'ദി ഹിന്ദു' ദിനപ്പത്രത്തിലെ എഡിറ്റോറിയൽ; 'A climate risk : On extreme weather events' എന്നത് അവസാനിപ്പിക്കുന്നതും ഇങ്ങനെതന്നെയാണ്. പുതിയ നിർമ്മാണങ്ങൾ പുതിയ സാഹചര്യത്തിൽ അതിനനുസരിച്ച് ഡിസൈൻ ഉൾപ്പെടെ ശ്രദ്ധിക്കണമെന്ന് 'ദി ഹിന്ദു' എഡിറ്റോറിയലിലുണ്ട്. ഈ ഉത്തരവ് വന്ന 10-09-2018-നുശേഷമാണ് ഡിസൈൻ വിഭാഗത്തിന്റെ ഈയൊരു സർക്കുലർ വന്നത്. 04-12-2017-നാണ് തലശ്ശേരി-മാഹി ബൈപ്പാസിന്റെ

വർക്ക് കമൻസ് ചെയ്തത്. വരുന്ന നാളുകളിൽ ഈ ബൈപ്പാസ് പ്രവൃത്തി നേരിൽക്കണ്ട് ഇതുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥരോട് സംസാരിക്കും.

10. പാലം നിർമ്മാണം

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, തൃശ്ശൂർ - എറണാകുളം ജില്ലയിലെ തീരദേശങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന നിർദ്ദിഷ്ട തീരദേശ ഹൈവേയുടെ ഭാഗമാണ് അഴീക്കോട്-മുനമ്പം പാലം. മത്സ്യത്തൊഴിലാളികളും അനുബന്ധ തൊഴിലാളികളും തിങ്ങിപ്പാർക്കുന്ന കേരളത്തിന്റെ മൂന്നിരട്ടി ജനസാന്ദ്രതയുള്ള രണ്ട് നിയോജകമണ്ഡലങ്ങളാണ് കയ്പമംഗലവും വൈപ്പിനും. ഈ പദ്ധതി യാഥാർത്ഥ്യമാകുമെന്ന് സ്വപ്നം കണ്ടിരിക്കുന്നത് പതിനായിരക്കണക്കിനാളുകളാണ്. ഈ പദ്ധതി യാഥാർത്ഥ്യമാകുകയാണെങ്കിൽ മത്സ്യ-വ്യവസായ-വിനോദസഞ്ചാര-ഗതാഗത മേഖലകളിൽ വലിയ ഉണർവ്വുണ്ടാകും. ഇതിലെ പ്രശ്നമെന്താണെന്നു വച്ചാൽ, ജങ്കാർ സർവ്വീസാണ് ഇപ്പോൾ അവിടെ നടക്കുന്നത്, അതിലും ചില പ്രശ്നങ്ങളുണ്ട്. അത് പൂർണ്ണമായും ആളുകൾക്ക് ആശ്രയിക്കാൻ കഴിയാത്ത സ്ഥിതിയുമുണ്ട്. പലതവണ കഴിഞ്ഞ മന്ത്രിസഭയുടെ കാലത്തും ധനകാര്യ വകുപ്പും പി.ഡബ്ല്യൂ.ഡി.-യും ഫിഷറീസും ഉൾപ്പെടെ മിക്കവാറും എല്ലാ

മന്ത്രിമാരും അവരവരുടെ തലങ്ങളിലെ ചെറിയ വിഷയങ്ങൾ മാറ്റുന്നതിനുവേണ്ടി യോഗങ്ങൾ നടത്തുകയും ഫലപ്രദമായ ഇടപെടൽ നടത്തുകയും ചെയ്തിട്ടുണ്ട്. പക്ഷേ ഈ പാലം പണിയുടെ ഫയലുകൾ അനന്തമായി പോകുകയാണ്. 2017-ലാണ് നിർദ്ദിഷ്ട പാലത്തിന് പ്രാരംഭ ഭരണാനുമതി കിഫ്ബിയിൽനിന്നും ലഭിച്ചത്. അതിനുശേഷം അതിന്റെ സ്ഥലം ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് 14 കോടി രൂപയോളം ലഭിച്ചു. അത് ഏകദേശം പൂർത്തീകരിക്കുന്ന സന്ദർഭത്തിൽ കുറച്ചുകൂടി വീതി വേണമെന്ന് പറഞ്ഞ് അതിന്റെ നടപടിക്രമങ്ങൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. യഥാർത്ഥത്തിൽ 2010-ൽ ബഡ്ജറ്റിൽ ഈ സംഖ്യ അഴീക്കോട്-മുനമ്പം പദ്ധതിക്കുവേണ്ടി പാസാകുന്നതോടുകൂടിയാണ് ഈ പദ്ധതി ആരംഭിക്കുന്നത്. 2021-ൽ 11 വർഷമായി. പാലംപണി നിർമ്മാണത്തിന് മുന്നോടിയായി നടക്കേണ്ട അലൈൻമെന്റ് ഫിക്സിംഗ്, സോയിൽ ഇൻവെസ്റ്റിഗേഷൻ വർക്ക്, പൈൽ ലോട്ട് ടെസ്റ്റ് തുടങ്ങിയവ റീ-ടെണ്ടർ ചെയ്തിട്ടുണ്ട്. റീ-ടെണ്ടർ എടുക്കാൻ ആളുണ്ടായില്ല. റീ-ടെണ്ടർ ചെയ്ത് 67.09 ലക്ഷം രൂപയ്ക്കാണ് ക്വാട്ട് ചെയ്തത്. അത് 34 ശതമാനം വർദ്ധിച്ചു; അപ്പോഴും അത് പെൻഡിംഗാവുകയാണ്. അതുകൊണ്ട് പൊതുമരാമത്ത് വകുപ്പുമന്ത്രി

അടിയന്തരമായി ബന്ധപ്പെട്ട ആളുകളുടെ മീറ്റിംഗ് വിളിക്കുകയും എത്രയുംവേഗം ഈ പാലം യാഥാർത്ഥ്യമാക്കാനുള്ള നടപടി സ്വീകരിക്കുകയും ചെയ്യണം.

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) : സർ, ഇത് രണ്ട് ജില്ലകളിലെ രണ്ട് മണ്ഡലങ്ങളിലെ തീരദേശ മേഖലയുമായി ബന്ധപ്പെട്ട പ്രധാനപ്പെട്ട വിഷയം തന്നെയാണ്. തൃശ്ശൂർ ജില്ലയിലെ കയ്പമംഗലം നിയോജകമണ്ഡലത്തിലെ അഴീക്കോടിനേയും എറണാകുളം ജില്ലയിലെ വൈപ്പിൻ നിയോജകമണ്ഡലത്തിലെ മുനമ്പത്തേയും ബന്ധിപ്പിക്കുന്ന അഴീക്കോട്-മുനമ്പം പാലം നിർമ്മാണത്തിന് കിഫ്ബി 2017-18 പദ്ധതിയിൽ ഉൾപ്പെടുത്തി തത്വത്തിലുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. പാലം നിർമ്മാണത്തിന് സാമ്പത്തികാനുമതിക്കായി എസ്റ്റിമേറ്റും ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ടും കിഫ്ബിയിൽ സമർപ്പിച്ചതിൽ ആദ്യഘട്ടമായി സ്ഥലം ഏറ്റെടുക്കുന്നതിനുമാത്രം 14.616 കോടി രൂപയുടെ സാമ്പത്തികാനുമതി ലഭിച്ചിട്ടുണ്ട്. പാലം നിർമ്മാണത്തിന് എസ്റ്റിമേറ്റ് സമർപ്പിച്ചെങ്കിലും തീരദേശ ഹൈവേയുടെ മാനദണ്ഡങ്ങൾക്കനുസരിച്ച് പാലത്തിന്റെ

വീതികൂട്ടുവാൻ ആവശ്യപ്പെട്ടു. ഇതനുസരിച്ച് പുതുക്കിയ എസ്റ്റിമേറ്റിന് 154.626 കോടി രൂപയുടെ എൽ.എ. ഉൾപ്പെടെ സാമ്പത്തികാനുമതി കിഫ്ബിയിൽനിന്നും ലഭ്യമായിട്ടുണ്ട്. പാലം നിർമ്മാണത്തിനായി കിഫ്ബിയുടെ നിർദേശപ്രകാരം അഡീഷണൽ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിക്ക് ദർഘാസ് ക്ഷണിച്ചതിൽ രേഖപ്പെടുത്തിയ കുറഞ്ഞതുക എസ്റ്റിമേറ്റ് തുകയേക്കാൾ അധികരിച്ച നിരക്കായതിനാൽ വിഷയം ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. 34.97 ശതമാനമാണ് നിരക്ക്. പ്രസ്തുത അഡീഷണൽ ഇൻവെസ്റ്റിഗേഷൻ പാലം നിർമ്മാണം ആരംഭിച്ചശേഷം നടപ്പിലാക്കാവുന്നതാണെന്ന് കിഫ്ബി നിർദേശിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ പദ്ധതിക്ക് സാങ്കേതികാനുമതി ലഭ്യമാക്കുന്നതിനുള്ള എസ്റ്റിമേറ്റ് സമർപ്പിക്കുവാൻ കേരള റോഡ് ഫണ്ട് ബോർഡ് അടിയന്തര നടപടി സ്വീകരിച്ചുവരുന്നു. ബഹുമാനപ്പെട്ട എം.എൽ.എ. രണ്ടുതവണ ഇത് ശ്രദ്ധയിൽപ്പെടുത്തിയതാണ്. ഈ വിഷയത്തിലെ പ്രധാനപ്പെട്ട രണ്ടുകാര്യങ്ങളിൽ ഒന്ന്, ഇത് രണ്ട് ജില്ലകളിലെ രണ്ട് മണ്ഡലങ്ങളിലെ തലങ്ങളെ ബന്ധിപ്പിക്കുന്നു. രണ്ട്, തീരദേശം. ഈ നിലയിൽ ഈ

വിഷയത്തെ കാണാം. ഇതുമായി ബന്ധപ്പെട്ട് ഒരു പ്രത്യേക യോഗം ആലോചിക്കാവുന്നതാണ്.